CHASS®

# ചാസ് ബുള്ളറ്റിൻ
# ഒരുമ

2023 ഒക്ടോബർ - 2024 മാർച്ച്

ലക്കം : 63
വാല്യം : 26



## 'കാർബൺ ഫാസ്റ്റിംഗ്'
## പ്രകൃതിയുടെ രോദനത്തിന്
## മാനവിക പ്രതിവിചാരം

# ചാസ് കുടുംബസംഗമം













# ചാരിറ്റി ഗോട്ട് ഫാം









ചാസ് റിഹാസ്വിസ്സുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി ആരംഭിച്ച 'ചാരിറ്റി ഗോട്ട് ഫാമിന്റെ' ആശീർവാദകർമ്മം അഭി. മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിക്കുന്നു.

# ഒരുമ
## ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി മുഖപത്രം

ലക്കം 63 | വാല്യം 26

2023 ഒക്ടോബർ - 2024 മാർച്ച്

പേജ് : 56





**Editorial Board**

*രക്ഷാധികാരി*

**മാർ ജോസഫ് പെരുന്തോട്ടം**

*മാനേജിംഗ് എഡിറ്റർ*

**ഫാ. തോമസ് കുളത്തുങ്കൽ**

*ചീഫ് എഡിറ്റർ*

**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**

*എക്സിക്യൂട്ടീവ് എഡിറ്റർ*

**ശ്രീ. ജോബി മാത്യു**

*അസോസിയേറ്റ് എഡിറ്റേഴ്സ്*

**ശ്രീ. ബിനു ജോസഫ്**

**ശ്രീമതി ബിന്ദു സിബി**


## ഉള്ളടക്കം


02 മുഖമൊഴി

04 കാർബൺ ഫാസ്റ്റിംഗ്

11 തണൽ

15 കേന്ദ്ര വാർത്തകൾ

27 മേഖലാ വാർത്തകൾ

51 ആശാകിരണം

53 SLCA Kerala



ലേ ഔട്ട് & പ്രിന്റിംഗ്

**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി

ഫോൺ: 0481-2410101



**CHANGANACHERRY SOCIAL SERVICE SOCIETY (CHASS)**

P. B. No. 20, Changanacherry, Kottayam, Kerala,

India-686 101, Tel.: 0481-2402345, 2402735, 8138088730

E-mail: chass1966@gmail.com, web:www.chasschry.org






# മുഖമൊഴി



*പ്രിയമുള്ളവരെ,*

ശിലായുഗത്തിൽ നിന്നും പടിപടിയായുള്ള വികസന പന്ഥാവുകൾ താണ്ടി സോഷ്യൽ മീഡിയായുടെ യുഗത്തിലെത്തി നിൽക്കുന്ന മനുഷ്യൻ പ്രകൃതിയേയും പ്രകൃതി വിഭവങ്ങളേയും അമിതമായി ചൂഷണം ചെയ്തതിന്റെ പരിണിത ഫലങ്ങളാണിന്ന് നാം അനുഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും പ്രകൃതിക്ഷോഭങ്ങളും മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും നമ്മുടെ പൂർവ്വീകർ പ്രകൃതിക്കിണങ്ങിയ ജീവിതമാണ് നയിച്ചിരുന്നത്. പ്രകൃതി ശക്തികളെ അവർ ആരാധിച്ചിരുന്നു. നമ്മുടെ കൃഷിരീതികളും, ഭക്ഷണക്രമവും, തൊഴിലുമെല്ലാം പരിസ്ഥിതി സൗഹാർദ്ദവും പ്രകൃതിയോടു ചേർന്നുള്ളതുമായിരുന്നു. എന്നാൽ ആധുനിക മനുഷ്യൻ പ്രകൃതിയെ മറന്ന് തന്നിഷ്ടപ്രകാരം ജീവിക്കുവാൻ തുടങ്ങിയപ്പോൾ പ്രകൃതിയുടെ താളംതെറ്റി. സമസ്ഥ ജീവജാലങ്ങൾക്കും വെല്ലുവിളിയായി പ്രകൃതിയുടെ ഘടനയ്ക്കും സ്വഭാവത്തിനും മാറ്റം സംഭവിച്ചു. ഇന്ന് മുനുഷ്യന്റേയും ജീവജാലങ്ങളുടെയും നിലനിൽപ്പിനെതന്നെ ബാധിക്കുംവിധം പ്രകൃതി

ക്ഷോഭിച്ചിരിക്കുന്ന ഭയാനകമായ അവസ്ഥാവിശേഷമാണ് സംജാതമായിരിക്കുന്നത്. വലിച്ചെറിയൽ സംസ്ക്കാരത്തിന്റെ ഭാഗമായി രൂപപ്പെട്ട മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മനുഷ്യന്റെ നിയന്ത്രണത്തിനതീതമായി വളർന്നിരിക്കുന്നു. ഭൂമിയുടെ ഭൗമതലത്തിൽ കാർബൺഡൈഓക്സൈഡ് അനിയന്ത്രിതമായി വർദ്ധിച്ചുവരുമ്പോൾ അതിനെ ആഗീരണം ചെയ്ത് ശുദ്ധവായൂ പ്രദാനം ചെയ്യുന്ന മരങ്ങൾക്കൂടി വെട്ടിത്തെളിച്ച് ആഗോളതാപത്തിന് നാം വഴിയൊരുക്കി കൊടുത്തു. വ്യക്തികളും, കുടുംബങ്ങളും, സമൂഹങ്ങളും രാജ്യങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ഈ സാഹചര്യത്തിൽ അലംഭാവം വെടിഞ്ഞ് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളിൽ മുഴുകുവാൻ സഭ നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ അറിവ് തിരിച്ചറിവുകളായി മാറുമ്പോഴാണ് ക്രിയാത്മക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ സാധിക്കുക. ഇന്ന് ലോകമെമ്പാടും ഒട്ടനവധി പരിസ്ഥിത സൗഹാർദ്ദ കൂട്ടായ്മകളും പ്രവർത്തനങ്ങളും സജീവമാണ് എന്നുള്ളത് ശുഭോദാർഹമായ ഒന്നാണ്. പരിശുദ്ധ ഫ്രാൻസീസ് പാപ്പായുടെ 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദ മേഖലയിൽ ക്രിയാത്മകമായ ഇടപെടലുകൾക്ക് സഭ നേതൃത്വം നൽകുന്നു. അതിന്റെ ഭാഗമായി കാർബൺ ന്യൂട്രൽ ഇടവക എന്ന ഒരു പുതിയ ആശയം രൂപപ്പെട്ടുവന്നിട്ടുണ്ട്. നമ്മുടെ ഭവനങ്ങളും ഇടവകകളും സ്ഥാപനങ്ങളും ആദ്യമായി ഈ യ്ജ്ഞത്തിൽ സഹകരിച്ച് കാർബൺ ന്യൂട്രലായി മാറുവാൻ പരിശ്രമിക്കാം. ഇടവകതലത്തിലും ഫൊറോനാതലത്തിലും രൂപതാതലത്തിലും കൂട്ടായ ചർച്ചകളും രൂപരേഖ തയ്യാറാക്കലും ഇതോടനുബന്ധിച്ചുണ്ടാകണം. മാറ്റത്തിന് വിധേയരായി പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളിലൂടെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാൻ നമുക്ക് മുന്നിട്ടിറങ്ങണം.

*സ്നേഹപൂർവ്വം,*

**ഫാ. തോമസ് കുളത്തുങ്കൽ**
*ഡയറക്ടർ*



# 'കാർബൺ ഫാസ്റ്റിംഗ്' പ്രകൃതിയുടെ രോദനത്തിന് മാനവിക പ്രതിവിചാരം



**ജീസ് പി. പോൾ**
*(മാനേജർ, സഹൃദയ ടെക്ക്,*
*എറണാകുളം-അങ്കമാലി അതിരൂപത)*

"പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേയ്ക്ക് അവിടുന്ന് എന്നെ നയിക്കുന്നു" (സങ്കീ. 23:2).

പച്ചയായ പുൽത്തകിടികളും പ്രശാന്തമായ ജലാശയങ്ങളും അന്യമായിക്കൊണ്ടിരിക്കുന്ന നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. 'ഇനിവരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ?' എന്ന ചോദ്യവുമായി മുന്നിൽ നിൽക്കുകയാണ് പുതുതലമുറ. ഇത് കേൾക്കുന്ന പഴയ തലമുറയുടെ ഉള്ളിലുള്ള ഈരടികളാവട്ടെ 'ഈ മനോഹരതീരത്തു തരുമോ ഇനിയൊരു ജന്മം കൂടി' എന്നതും തലമുറകൾക്കിടയിലെ

നീതി എന്ന അതിഗൗരവതരമായ ഈ പ്രശ്നം നാം ശ്രദ്ധിച്ചു മനസിലാക്കേണ്ടതും അവധാനതയോടെ ഇടപെടേണ്ടതുമാണ് എന്നത് ഇവിടെ പ്രധാനമാണ്.

**മുറിവേറ്റ പ്രകൃതി**

നല്ല സമരിയാക്കാരന്റെ കഥയിൽ മുറിവേറ്റ മനുഷ്യനോട് കരുണയോടെ പെരുമാറുന്നവനാണ് നല്ല അയൽക്കാരൻ എന്ന സൂചനയുണ്ട്. മുറിവേറ്റ പ്രകൃതിയോടും കരുണയോടെ പെരുമാറാൻ നമുക്ക് കടമയുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. മനുഷ്യന്റെ രോദനത്തിന് ദൈവം മറുപടി നൽകണമെങ്കിൽ മനുഷ്യനെ ദൈവം ഏൽപ്പിച്ച പ്രകൃതിയുടെ രോദനത്തിന് മനുഷ്യനും ചെവികൊടുക്കേണ്ടിയിരിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളും ആകസ്മിക പ്രകൃതി ദുരന്തങ്ങളുമെല്ലാം മുറിവേറ്റ പ്രകൃതിയുടെ നിലവിളികളും നിലപാടറിയിക്കലുമാണെന്ന് നാം മനസിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. നാം മൂലം പ്രകൃതി മുറിപ്പെടുന്നത് നമ്മുടെ അയൽക്കാരെ മുറിപ്പെടുത്തുന്നതിന് തുല്യമായി നാം കാണണം.

ഉൽപ്പത്തി 1:28 ൽ പറയുന്നു "ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യമുണ്ടായിരിക്കട്ടെ". എന്ന വാക്യം അമിതചൂഷണത്തിനു കാരണമെന്ന് ഒരു വാദഗതിയുണ്ട്. ഉൽപ്പത്തി 2:15 "ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി" എന്ന വചനം കാര്യമായി ശ്രദ്ധിക്കപ്പെടാതെ പോയി എന്നതും കാരണമാകാം. ഭൂമിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുക എന്നത് മനുഷ്യനെ ദൈവം ഏൽപ്പിച്ച കടമയാണ്. അഥവാ പ്രപഞ്ചത്തിന്റെ കാര്യസ്ഥന്മാരാണ് മനുഷ്യർ. അതിൽ നിന്നും പിന്നോക്കം പോയതിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന ദുരന്തങ്ങളെന്നത് നിസ്തർക്കമാണ്. അതുകൊണ്ടുതന്നെയാണ് പരിസ്ഥിതിക്കെതിരെയുള്ള പ്രവർത്തികൾ കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപമാണെന്ന് ബനഡിക്ട് പതിനാറാമൻ പാപ്പാ പറഞ്ഞത്. സീറോ മലബാർ സഭയുടെ വിശുദ്ധ കുർബാന മധ്യേയുള്ള വിശ്വാസ പ്രഖ്യാപനത്തിൽ 'അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു'

എന്ന പ്രസ്താവമുണ്ട്. ദൈവം ശരിയായവിധം സംവിധാനം ചെയ്ത പ്രപഞ്ചത്തെ മനുഷ്യൻ സ്വന്തം ഇഷ്ടപ്രകാരം തകിടം മറിക്കാൻ തുടങ്ങിയതാണ് പരിസ്ഥിതി പ്രശ്നങ്ങളുടെ കാരണമെന്ന് നാം മനസിലാക്കണം. ഇതിന്റെയൊക്കെ ഫലം ഈ തലമുറയും ഇനി വരുന്ന തലമുറകളുമാണ് അനുഭവിച്ചു തീർക്കേണ്ടത് എന്നതാണ്, നമ്മെ അലട്ടുന്ന പ്രധാന പ്രശ്നം. 'ലൗദാത്തോ സി' എന്ന ചാക്രിക ലേഖനത്തിലൂടെ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നതും ഇതുതന്നെയാണ്. ലൗദാത്തോസിക്ക് ഒരു പാരിസ്ഥിതിക ക്രിയാത്മക പരിഭാഷ ചമയ്ക്കുകയാണ് കാർബൺ ഫാസ്റ്റിംഗ് എന്ന ചുവടുവയ്പിലൂടെ.

**പ്രകൃതിയുടെ പ്രതികരണം**

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും മിന്നൽ പ്രളയലും ചുഴലിക്കൊടുങ്കാറ്റുകളും തുടങ്ങി വളരെ വേഗം ജനിതകമാറ്റം വരുന്ന വൈറസുകൾ വരെ ഈ പരിസ്ഥിതി നാശത്തിന്റെ പ്രതിഫലനങ്ങളും പ്രതീകരണങ്ങളുമായി ശാസ്ത്രലോകം വിലയിരുത്തുന്നുണ്ട്. അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് അനിയന്ത്രിതമായി വർധിക്കുന്നതും അതുവഴി പ്രപഞ്ചസംവിധാനങ്ങളുടെ താളക്രമം തെറ്റുന്നതുമാണ് അടിസ്ഥാന കാരണം.

ജീവികൾ ഉച്ഛ്വസിക്കുന്ന കാർബൺ ഡൈ ഓക്സൈഡ് മുതൽ വിറകും ചപ്പുചവറുകളും ഇന്ധനങ്ങളും കത്തുമ്പോഴും ജൈവമാലിന്യങ്ങൾ തുറസായ സ്ഥലങ്ങളിൽ ചീഞ്ഞളിയുമ്പോഴും ഫാക്ടറികളിലും വാഹനങ്ങളിലും നിന്ന് പുകയായി പുറത്തുവന്നുമൊക്കെ അന്തരീക്ഷത്തിൽ കലരുന്ന കാർബൺ ഘടകങ്ങൾ ആഗോളതാപനത്തെ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഭൂമിയിലെ മഞ്ഞുപാളികൾ ക്രമാതീതമായി ഉരുകി ജലനിരപ്പ് ഉയരാൻ തുടങ്ങിയിട്ടുണ്ട്. ഇന്നത്തെ നിലയിൽ അധികം താമസിയാതെ ലോകത്തിലെ മിക്കവാറും എല്ലാ കടൽതീരനഗരങ്ങളും വെള്ളത്തിനടിയിലാകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജനസംഖ്യയുടെ നാൽപ്പത് ശതമാനവും തീരദേശമേഖലയോടു ചേർന്ന് നിവസിക്കുന്ന കേരളത്തെപ്പോലുള്ള നാടുകളിൽ ഇങ്ങനെ സംഭവിക്കുമ്പോഴുണ്ടാകുന്ന ഭീകരാവസ്ഥ അചിന്ത്യമല്ലോ? നമ്മുടെ നാട്ടിലും തമിഴ് നാട്ടിലും ഉത്തരേന്ത്യയിലുമൊക്കെ പ്രളയമുണ്ടായി നിരവധി ജീവനുകളും സമ്പത്തുമൊക്കെ നഷ്ടപ്പെട്ടതും നാം കണ്ടതാണ്.

കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള പ്രവചനാതീതമായ മാറ്റങ്ങളും നമുക്ക് അനുഭവപെട്ടുതുടങ്ങി. പ്രളയത്തെക്കുറിച്ച് കേട്ടറിവ് മാത്ര മുണ്ടായിരുന്ന നാം അത് അനുഭവിച്ചറിഞ്ഞു. ഓരോരോ ഓമന പ്പേരിൽ ചുഴലിക്കൊടുങ്കാറ്റുകൾ നമ്മുടെ നാട്ടിലും വിരുന്നിനെത്തി ത്തുടങ്ങി. ഇതെല്ലാം വരാനിരിക്കുന്ന വൻ വിനാശത്തിന്റെ തുടക്കം മാത്രമാണെന്ന് മനസിലാക്കി. നമുക്കുണ്ടാകാവുന്ന പ്രതിരോധം ഒരുക്കിയില്ലെങ്കിൽ ഒരു പക്ഷേ അതീവ ഗുരുതരമായ പ്രത്യാഘാത ങ്ങളിലേയ്ക്കായിരിക്കും നാം വഴുതി വീഴുന്നത്.

ദൈവം തന്ന ജീവനും ജീവിതവും സംരക്ഷിക്കുക. അപരന്റെ നന്മ യിൽ കരുതലുണ്ടായിരിക്കുക എന്നതാണ് ഓരോ മനുഷ്യന്റെയും ജീവിത നിയോഗമെന്ന നമ്മുടെ ക്രൈസ്തവ വീക്ഷണത്തിൽ പരി സ്ഥിതി പ്രവർത്തനങ്ങൾക്ക് മുഖ്യസ്ഥാനം ഉണ്ടാവുക അനിവാര്യ മാണല്ലോ. അപരന്റെ നന്മയിലുള്ള കരുതൽ പരിസ്ഥിതിക്കെതിരായ പ്രവർത്തനങ്ങളിൽ നിന്ന് നമ്മെ തടയുന്നു. മനുഷ്യന്റെ ആർത്തി പൂണ്ട ഇടപെടലുകൾ മൂലം മുറിവേറ്റ പ്രകൃതിയുടെ രോദനം നാം കേൾക്കണം. ഇക്കാര്യം എല്ലാവരെയും ഓർമ്മപ്പെടുത്തുകയും അതി ലൂടെ പ്രകൃതിയുടെ സംരക്ഷണത്തിനായി ഒരുമിച്ച് ചേർക്കുകയും ചെയ്യുക എന്നതാണ്. കാർബൺ ഫാസ്റ്റിംഗ് പദ്ധതിയുടെ ഉദ്ദേശ്യം. അന്തരീക്ഷത്തിൽ കാർബൺ ഉണ്ടാകുന്നത് പരമാവധി നിയന്ത്രി ക്കുക എന്നതാണ് കാർബൺ ഫാസ്റ്റിംഗ് കൊണ്ട് അർത്ഥമാക്കുന്നത്. ഇതിനായി ആർക്കും ഏറ്റെടുത്ത് നടപ്പാക്കാനാവുന്ന ലളിതമായ ഏതാനും മാർഗ്ഗനിർദ്ദേശങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്.

1. കഴിയുന്നത്ര ചെടികൾ, പച്ചക്കറികൾ, ഭക്ഷ്യവിളകൾ എന്നിവ വെച്ച് പിടിപ്പിക്കുക. അന്തരീക്ഷത്തിൽ ഓക്സിജൻ ലഭ്യമാ ക്കുന്ന കലവറയാണ് ചെടികൾ. അതുപോലെതന്നെ ഭക്ഷ്യസു രക്ഷയ്ക്കും ചെടികൾ അത്യന്താപേഷിതമാണ്. ഓരോ ദൈവാ ലയത്തിലും ആരാധനയക്ക് ആവശ്യമുള്ള പൂക്കൾ ദൈവാലയാ ങ്കണത്തിൽ തന്നെ ഉണ്ടാക്കാൻ സാധിക്കില്ലേ എന്ന് ചിന്തിക്കാം. ആഹാരവസ്തുക്കളുടെ കാര്യത്തിലും സ്വയം പര്യാപ്തതയിലേ ക്കെത്താൻ പച്ചക്കറിത്തോട്ടങ്ങൾ നമ്മെ സഹായിക്കും. ജന്മദിനം, ഓർമ്മദിനങ്ങൾ, വാർഷികങ്ങൾ പോലുള്ള അവസരങ്ങൾ മരം നട്ടുകൊണ്ടാഘോഷിക്കുന്ന സംസ്കാരത്തിലേയ്ക്ക് നാം കടന്നു വരേണ്ടിയിരിക്കുന്നു.

2. രാസവളങ്ങളും കീടനാശിനികളും കഴിയുന്നത്ര ഒഴിവാക്കുക, ഇവ മണ്ണിനും മനുഷ്യനും ആരോഗ്യഹാനി വരുത്തുന്നുവെന്ന് നാം തിരിച്ചറിയണം. കാൻസർപോലുള്ള മാരകരോഗങ്ങളുടെ കാരണങ്ങളിലൊന്ന് രാസവിഷങ്ങളടങ്ങിയ ആഹാരമാണെന്നു കാണാം.

3. ആഹാരം ആവശ്യത്തിനുമാത്രം പാചകം ചെയ്യുകയും ഉപയോഗിക്കുകയും ചെയ്യുക പാഴാക്കാതിരിക്കുക. ഓരോ തവണ ആഹാരം പാചകം ചെയ്യുമ്പോഴും കാർബൺ ബഹിർഗമനം ഉണ്ടാകുന്നുണ്ട്. അത് കുറയ്ക്കുക എന്നത് മാത്രമല്ല ലോകത്തുള്ള മനുഷ്യരിൽ 7 പേരിൽ ഒരാൾ വീതം ദിവസേന ഉറങ്ങാൻ പോകുന്നത് വിശന്ന വയറോടെ ആണെന്നും അഞ്ച് വയസിൽ താഴെ പ്രായമുള്ള ഇരുപതിനായിരത്തിലേറെ കുട്ടികൾ ആഹാരം ലഭിക്കാത്തതുമൂലം ദിവസേന മരണപ്പെടുന്നുണ്ടെന്നതും നാം അറിയണം. ലോക ഭ്യക്ഷ-കാർഷിക സംഘടനയുടെ കണക്ക് പ്രകാരം പ്രതിവർഷം 1.3 മില്യൻ ടൺ ആഹാരം ധനികർ പാഴാക്കുന്നുണ്ടെന്ന് പറയുന്നു.

4. ആഹാര അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്ക്കരിക്കണം. കുന്നുകൂടുന്ന മാലിന്യങ്ങൾ രോഗകാരണങ്ങളാകുന്നതോടൊപ്പം മീഥേൻ പോലുള്ള വാതകങ്ങൾ അന്തരീഷത്തിൽ കലരാനും ഇടയാക്കുന്നു. ശാസ്ത്രീയമായി സംസ്കരിച്ചാൽ ഇവയിൽ നിന്ന് പാചകവാതകവും ജൈവവളവുമൊക്കെ ഉത്പാദപ്പിക്കാനാവും ബയോഗ്യാസ് പ്ലാന്റുകൾ, ബയോബിന്നുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കാം. പ്രയോജനമില്ലാത്തവ വലിച്ചെറിയുക എന്ന സംസ്കാരത്തിൽ നിന്ന് തലമുറയെ മോചിപ്പിക്കുക എന്ന ഉദ്ദേശ്യവുമുണ്ട്.

5. പ്ലാസ്റ്റിക്ക്, ഡിസ്പോസിബിൾ പാത്രങ്ങൾ എന്നിവ പരമാവധി ഒഴിവാക്കുക. ആഘോഷാവസരങ്ങളിൽ വിരുന്നുമേശകളിൽ നിറയുന്ന പേപ്പർ, പ്ലാസ്റ്റിക്ക് ഗ്ലാസുകളും പാത്രങ്ങളുമൊക്കെ ആവശ്യം കഴിഞ്ഞ് കത്തിക്കുകയോ അല്ലെങ്കിൽ അലക്ഷ്യമായി വലിച്ചെറിയുകയോ ചെയ്യുന്ന ശീലം മാറ്റിയെടുക്കണം. സ്റ്റീൽ, ഗ്ലാസ്, മൺപാത്രങ്ങൾ തുടങ്ങിയവ ഉപയോഗിക്കുകയോ ഇല കൊണ്ട് നിർമ്മിച്ച പ്ലെയിറ്റുകൾ, വാഴയില എന്നിവ ഉപയോഗിക്കുകയോ ചെയ്യാം. നമ്മുടെ വീടുകളിലും കുടുംബ യൂണിറ്റുകളിലും സ്വാശ്രയസംഘങ്ങളിലും ഈ ശീലം വളർത്തിയെടുക്കാം.

6. പ്ലാസ്റ്റിക് പോലുള്ളവ ഉപയോഗശേഷം കത്തിക്കുന്ന പ്രവണത ഒഴിവാക്കി പുനഃചംക്രമണത്തിനായി നൽകാം. പ്ലാസ്റ്റിക് കത്തിക്കുന്ന പുക ശ്വസിക്കുന്നതിലൂടെയാണ് ഇന്ന് കണ്ടുവരുന്ന കാൻസറിന്റെ നല്ലൊരു ശതമാനവും കാരണമെന്ന കണ്ടെത്തലുകൾ ഇത്തരം പ്രവൃത്തികളിൽ നിന്ന് ഒഴിവായി നൽകാൻ നമ്മെ പ്രേരിപ്പിക്കട്ടെ.

7. ജലത്തിന്റെ അമിത ചൂഷണവും പാഴാക്കലും നിയന്ത്രിക്കുക, വിവേകപൂർവ്വം ജലം ഉപയോഗിക്കാൻ പരിശീലിക്കുക. ജലം അമൂല്യമാണെന്നും ശുദ്ധജലം ഇല്ലാത്തതിന്റെ പേരിൽ ഓരോദിവസവും ആയിരക്കണക്കിന് കുഞ്ഞുങ്ങൾ മരണമടയുന്നുണ്ടെന്നതും നാം മനസിലാക്കി ജലത്തിന്റെ മൂല്യം തിരിച്ചറിയണം. ജലാശയങ്ങൾ മലിനപ്പെടുത്താതിരിക്കാനും നമ്മുടെ അങ്കണത്തിലും പരിസരത്തും മഴവെള്ളം ആവോളം അരിച്ചിറങ്ങുന്നതായി മാറ്റാനും നമുക്ക് കഴിയണം.

8. വൈദ്യുതി ഉപയോഗം നിയന്ത്രിക്കണം. പരിസ്ഥിതി സൗഹൃദമായ സോളാർ വൈദ്യുതി ഉപയോഗിക്കുന്നതിലൂടെ വൈദ്യുതി ചെലവുകൾ കാർബൺ പുറന്തള്ളൽ എന്നിവ കുറയ്ക്കാൻ കഴിയും.

9. ഇന്നത്തെ കാലഘട്ടത്തിൽ പഠന, ഓഫീസ് ആവശ്യങ്ങൾക്കായി കടലാസിന്റെ ഉപയോഗം പരമാവധി കുറയ്ക്കാൻ നമുക്ക് കഴിയും. കടലാസ് നിർമ്മാണം മരങ്ങളുടെ നശീകരണത്തിനും കാർബണിന്റെ അതിപ്രസരത്തിനും കാരണമാകുന്നുവെന്ന് മനസിലാക്കാം.

10. ദൈവാലയത്തിലേയ്ക്കോ സമീപപ്രദേശങ്ങളിലേയ്ക്കോ ഉള്ള യാത്രകളിൽ സ്വകാര്യവാഹനങ്ങൾ കഴിവതും ഒഴിവാക്കി പകരം പൊതുവാഹനങ്ങൾ സൈക്കിൾ എന്നിവ ഉപയോഗിക്കുക. ആഘോഷങ്ങളിലും തിരുനാളുകളിലും കാർബൺ നിർഗമനം പരമാവധി കുറയ്ക്കുന്നതും പ്ലാസ്റ്റിക് പോലുള്ളവ ഒഴിവാക്കുന്നതും മാതൃകാപരമായിരിക്കും. നോമ്പുകാലത്ത് മത്സ്യ-മാംസ ഭക്ഷണങ്ങൾ ഒഴിവാക്കുന്നതുപോലെ കാർബൺ നിർഗമനം ഉണ്ടാകുന്ന പ്രവർത്തനങ്ങളും പരമാവധി ഒഴിവാക്കുന്ന തരത്തിൽ കാർബൺ ഫാസ്റ്റിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ നമുക്ക് സാധിക്കട്ടെ. ഒരു ചെറിയ തുടക്കം മാത്രമാണിത്. ഏറെ ദൂരമുണ്ട് നമുക്ക് മുന്നിൽ. കാർബൺ പുറന്തള്ളൽ കുറയ്ക്കാൻ കഴിയുന്ന

ഏതു പ്രവർത്തനവും നമുക്ക് ഏറ്റെടുക്കാം. കടന്നുപോകുന്ന വഴികളിൽ നമ്മുടെ പ്രവർത്തനങ്ങളിലൂടെ പതിയുന്ന കാർബൺ ഫുട് പ്രിന്റുകൾ തിരിച്ചറിഞ്ഞ് പരിമിതപ്പെടുത്താനും കാർബൺ ഫാസ്റ്റിംഗ് പോലുള്ള ഇടപെടലുകളിലൂടെ ഉജ്ജീവനത്തിന്റേതായ ഫാർഡ് പ്രിന്റ് (കയ്യൊപ്പുകൾ) ചാർത്താനും നമുക്ക് കഴിയണം. നമുക്ക് മാത്രമല്ല നമ്മുടെ അനന്തര തലമുറയ്ക്കും ഇവിടെ ജീവിക്കേണ്ടതുണ്ട്. വി. പൗലോസ് പറയുന്നതുപോലെ "ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ട് വേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്" (റോമാ 13:11).

❖❖❖

## അസിസ്റ്റന്റ് ഡയറക്ടർ സ്ഥാനമേറ്റു



ചാസിന്റെ പുതിയ അസി. ഡയറക്ടറായി ഫാ. ജോസഫ് ചോരേട്ട്ചാമക്കാല 2024 ഫെബ്രുവരി 13-ാം തീയതി നിയമിതനായി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ ചാസ് കുടുംബാംഗങ്ങൾ ഒന്നു ചേർന്ന് അച്ചനെ സ്വാഗതം ചെയ്തു.



## തണൽ

**ചാസ് സാമൂഹ്യ സുരക്ഷാ സഹായ പദ്ധതികൾ**

ചാസിന്റെ വിവിധ സാമൂഹിക സുരക്ഷാസഹായ പദ്ധതികൾ വഴി (2023 ഒക്ടോബർ-2024 മാർച്ച് മാസങ്ങളിൽ) ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (10,000/- രൂപ വീതം 23 കുടുംബങ്ങൾക്ക് Rs. 2,30,000/- നൽകി)

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 646. വർഗീസ് ഗ്രിഗറി | നൂറുമേനി | പുറക്കാട് | ആലപ്പുഴ |
| 647. ജോസഫ് വി.ജെ. | ശ്രേയസ് | ചേപ്പുംപാറ | കോട്ടയം |
| 648. രാധാമണി ചിറമേൽ | സ്നേഹാലയ | കൊടുപ്പുന്ന | എടത്വാ |
| 649. സോഫിയ വർഗീസ് | അൽഫോൻസ | വടവാതൂർ | കോട്ടയം |
| 650. ഏലിക്കുട്ടി മാത്യു | നവജ്യോതി | മായം | അമ്പൂരി |
| 651. അന്നമ്മ ചാക്കോ | ജ്യോതിസ് | തത്തംപള്ളി | ആലപ്പുഴ |
| 652. തോമസ് തോമസ് | എലഗൻസ് | നാലുകോടി | തൃക്കൊടിത്താനം |
| 653. സരോജിനിയമ്മ | സ്നേഹദീപം | ഡാൽമുഖം | അമ്പൂരി |
| 654. ബിജു സി. ആന്റണി | നവധാര | മുട്ടാർ ഓൾഡ് | എടത്വാ |
| 655. റാണി ദേവസ്യാ | മരിയൻ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 656. ബേബി രാജു | അപർണ്ണ | രാജഗിരി | അമ്പൂരി |
| 657. മേരിക്കുട്ടി ജോസഫ് | മരിയ | ആറാട്ടുവഴി | ആലപ്പുഴ |
| 658. കെ.എം. ജോസഫ് | ശ്രേയസ് | ചേപ്പുംപാറ | കോട്ടയം |

| | | | |
|---|---|---|---|
| 659. മറിയക്കുട്ടി മാത്യു | ഐശ്വര്യ | നാലുകോടി | തൃക്കൊടിത്താനം |
| 660. റോസമ്മ മറ്റംകോട് | സ്നേഹ | ഡാൽമുഖം | അമ്പൂരി |
| 661. സുമതി ചിറമേൽ | സ്നേഹാലയ | കൊടുപ്പുന്ന | എടത്വാ |
| 662. കെ.റ്റി. ജോർജ്ജ് | മറിയം | തത്തംപള്ളി | ആലപ്പുഴ |
| 663. മറിയമ്മ ആന്റണി | സ്നേഹജ്വാല | തത്തംപള്ളി | ആലപ്പുഴ |
| 664. ജോസഫ് ചാക്കോ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 665. ത്രേസ്യാമ്മ ആന്റണി | ദൃശ്യ | പൂന്തോപ്പ് | ആലപ്പുഴ |
| 666. പോൾ ആന്റണി | സെന്റ് ആന്റണീസ് | കിളിരൂർ | കുടമാളൂർ |
| 667. സിറിയക്ക് ജോസഫ് | കൃപ | മിത്രക്കരി | ചമ്പക്കുളം |
| 668. ഏലിക്കുട്ടി ഫിലിപ്പ് | പ്രീതി | പായിപ്പാട് | തൃക്കൊടിത്താനം |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം**

• **മരണാനന്തരസഹായം** (10,000/- രൂപ വീതം 72 കുടുംബങ്ങൾക്ക് Rs. 7,20,000/- നൽകി)

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 925. വർഗീസ് ഗ്രിഗറി, വയലിൽ | പുറക്കാട് | ആലപ്പുഴ |
| 926. ഗോമതി, ആശാരിപറമ്പ് | ചങ്ങങ്കരി | എടത്വാ |
| 927. അന്തോനിച്ചൻ, മഠത്തിപറമ്പ് | കൊടുപ്പുന്ന | എടത്വാ |
| 928. രാധാമണി ചിറമേൽ | കൊടുപ്പുന്ന | എടത്വാ |
| 929. ട്രീസാമ്മ ജോസഫ്, ആറ്റുപുറം | നാലുകോടി | തൃക്കൊടിത്താനം |
| 930. രാജു സെബാസ്റ്റ്യൻ, പുല്ലുകാട്ട് | പാറേൽ | ചങ്ങനാശ്ശേരി |
| 931. മേരിക്കുട്ടി ജോസഫ്, തോപ്പിൽ | മുടിയൂർക്കര | കുടമാളൂർ |
| 932. എം.ജെ. മൈക്കിൾ, നെടിയപറമ്പിൽ | പുന്നമട | ആലപ്പുഴ |
| 933. വി.എം. ജോസഫ്, മൂന്നുപീടികയിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 934. തോമസ് തോമസ്, പുതുക്കളം | നാലുകോടി | തൃക്കൊടിത്താനം |
| 935. രാധാമണി പി.എം., നിരവത്തുവയൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 936. ജൂലി ജോഷി, കാക്കാംപറമ്പ് | നർബോനപുരം | ചമ്പക്കുളം |
| 937. ത്രേസ്യാമ്മ ടോമി, ചീരംവേലിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 938. ജോൺ തോമസ് മനയത്തുശ്ശേരിയിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 939. സീത ലക്ഷ്മി ലക്ഷ്മിഭവൻ | വെട്ടിമുകൾ | അതിരമ്പുഴ |
| 940. മേരി മാത്യു പുതുപ്പറമ്പിൻ | ഏറ്റുമാനൂർ | അതിരമ്പുഴ |
| 941. കുഞ്ഞമ്മ ജോർജ്ജ് പള്ളിപ്പറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 942. ജിനോഷ് ജോർജ്ജ് കോച്ചേരി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 943. സിന്ധു ബാബു ഇരുപതിൽചിറ | കിഴക്കേമിത്രക്കരി | എടത്വാ |
| 944. അന്നമ്മ ചാക്കോ, മാടപ്പുരയ്ക്കൽ | തായങ്കരി | എടത്വാ |
| 945. രാഘവൻ പാലപ്പറമ്പിൽചിറ | തായങ്കരി | എടത്വാ |
| 946. പി.വി. ജോസഫ്, പുത്തൻപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 947. എൻ. ജെ. മറിയം, രാജ്ഭവൻ | മായം | അമ്പൂരി |
| 948. അന്നമ്മ ദേവസ്യാ കുളമിരിക്കുംകാല | മുടിയൂർക്കര | കുടമാളൂർ |
| 949. സിറിയക്ക് ജോർജ്ജ്, കളത്തിപ്പറമ്പിൽ | കിളിരൂർ | കുടമാളൂർ |
| 950. ആലീസ് റോയി, കന്നിട്ടച്ചിറ | പുളിംകുന്ന് | പുളിംകുന്ന് |

| | | |
|---|---|---|
| 951. ത്രേസ്യാമ്മ വർക്കി, വെള്ളക്കോട്ടിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |
| 952. ഷീജമ്മ ബിജു, വേലിക്കളം വീട് | ചങ്ങങ്കരി | എടത്വാ |
| 953. ജെൻസി സുബിൻ, കുളത്തുങ്കൽ | ഇരവുചിറ | കുറുമ്പനാടം |
| 954. ചെല്ലമ്മ ഡേവിഡ് | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 955. പൊന്നമ്മ കിഴക്കേക്കര | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 956. ജ്യോതി പാറശ്ശേരി | പാറേൽ | ചങ്ങനാശ്ശേരി |
| 957. മത്തായി ജോസഫ്, ഇടത്തിൽ | എടത്വാ | എടത്വാ |
| 958. റെജിമോൻ സ്കറിയ, പുല്ലാട്ട് | വെട്ടിമുകൾ | അതിരമ്പുഴ |
| 959. ഷൈമോൾ സേവ്യർ, പാക്കാട്ടുകുന്നേൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 960. കെ.എം. ജോസഫ്, കമുകുംപള്ളിയിൽ | ചേപ്പുംപാറ | കോട്ടയം |
| 961. ലില്ലിക്കുട്ടി കുരുവിള, നാൽപ്പതാംകളം | വെളിയനാട് | പുളിംകുന്ന് |
| 962. റോസമ്മ ജോസഫ് കുളത്തുങ്കൽ | മാന്നില | കുറുമ്പനാടം |
| 963. രാജപ്പൻ പി.കെ. പനശ്ശേരിയിൽ | കുമരംചിറ | എടത്വാ |
| 964. സി.കെ. രവീന്ദ്രൻ, പതിശ്ശേരി | മുട്ടാർ ഓൾഡ് | എടത്വാ |
| 965. മത്തായി പി.ഒ., പാലാത്ര | മുഹമ്മ | ആലപ്പുഴ |
| 966. പീതാംബരൻ മാളിയേക്കൽചിറ | തത്തംപള്ളി | ആലപ്പുഴ |
| 967. വർക്കി പുളിമൂട്ടിൽ | വള്ളംചിറ | മണിമല |
| 968. മറിയമ്മ ചിറപ്പുറത്ത് | വള്ളംചിറ | മണിമല |
| 969. മറിയമ്മ കളരിപ്പറമ്പ് | മുഹമ്മ | ആലപ്പുഴ |
| 970. മോളമ്മ തോമസ് പൂങ്കാവിൽ | കിളിരൂർ | കുടമാളൂർ |
| 971. ഓമനക്കുട്ടൻ പോട്ടയിൽചിറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 972. സുമ രാജു തടത്തുംകുഴി | മുടിയൂർക്കര | കുടമാളൂർ |
| 973. ത്രേസ്യാമ്മ ജോസഫ് തൈപ്പറമ്പ് | പാറേൽ | ചങ്ങനാശ്ശേരി |
| 974. മേരി ചാക്കോ അറയ്ക്കകാലായിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 975. ജോയിസ് വേഗത്താനം | മണ്ണാർകുന്ന് | അതിരമ്പുഴ |
| 976. ജോസഫ് ചാക്കോ ചിറയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 977. ജെസമ്മ ബനഡിക്ട് പാട്ടത്തിൽ | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 978. ഏലിക്കുട്ടി മാത്യു നടുവത്തേട്ട് | നാൽപ്പാത്തിമല | അതിരമ്പുഴ |
| 979. ജോളി തോമസ്, കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 980. ഏലിക്കുട്ടി ഫിലിപ്പ്, മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 981. മേരി ജോസഫ്, പുത്തൻപുരയിൽ | അതിരമ്പുഴ | അതിരമ്പുഴ |
| 982. ആന്റണി വർഗീസ്, കാട്ടടി | മിത്രക്കരി | പുളിങ്കുന്ന് |
| 983. വിൽസൺ, പുതുവേൽ | ആര്യങ്കാവ് | കൊല്ലം |
| 984. തോമസ് മാത്യു, സ്വരംതോട്ടി | ആര്യങ്കാവ് | കൊല്ലം |
| 985. എ.ജെ. തോമസ്, അരിക്കത്തിൽ | ഇത്തിത്താനം | തുരുത്തി |
| 986. മത്തായി മത്തായി, കട്ടത്തറ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 987. കത്രീനാമ്മ, കൊച്ചുപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 988. മറിയാമ്മ ജോസഫ്, വലിയവീട് | ചമ്പക്കുളം | ചമ്പക്കുളം |
| 989. മേരിക്കുട്ടി തോമസ്, കരിക്കംപള്ളി | ചങ്ങംകരി | എടത്വാ |
| 990. ത്രേസ്യാമ്മ, മുട്ടേൽ | നർബോനപുരം | ചമ്പക്കുളം |

| | | |
|---|---|---|
| 991. കുഞ്ഞുമോൻ, ആര്യൻകര | കൊണ്ടാക്കൽ | ചമ്പക്കുളം |
| 992. അമ്മിണി വർഗീസ്, പുത്തൻപറമ്പ് | കോയിൽമുക്ക് | എടത്വാ |
| 993. മറിയാമ്മ സ്കറിയ, മടയ്ക്കശ്ശേരി | മുട്ടാർ ഓൾഡ് | എടത്വാ |
| 994. കൊച്ചുമോൾ ദിലീപ്, കലുങ്കിൽ | ചീപ്പുങ്കൽ | കുടമാളൂർ |
| 995. കെ.എസ്. തോമസ്, കല്ലറയ്ക്കൽ | കലവൂർ | ആലപ്പുഴ |
| 996. പി.ജെ. ഫ്രാൻസീസ്, പള്ളംകാട് | ആറാട്ടുവഴി | ആലപ്പുഴ |

**3) അഗാപ്പെ ഭവനനിർമ്മാണ പദ്ധതി**

അഗാപ്പെ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് താഴെപ്പറയുന്ന ഇടവകകൾക്ക് ആദ്യഗഡു 7,30,000/- രൂപ അനുവദിച്ചു.

| ഇടവക | ഗുണഭോക്താവ് | തുക |
|---|---|---|
| പടഹാരം | 1 | 100000 |
| ചെങ്ങന്നൂർ | 1 | 100000 |
| ചങ്ങനാശ്ശേരി | 1 | 50000 |
| പാണ്ടങ്കരി | 1 | 100000 |
| കൊടുപ്പുന്ന | 2 | 100000 |
| അറുന്നൂറ്റിൻപാടം | 1 | 100000 |
| കാവാലം ലിസ്യൂ | 1 | 75000 |
| കൈനകരി | 2 | 105000 |

**(4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 9 കുടുംബങ്ങൾക്ക് ചികിത്സാ ചെലവിനത്തിൽ 55,352/- രൂപ അനുവദിച്ചു.

| പേര് | യൂണിറ്റ് | തുക |
|---|---|---|
| 1. ജിജി ആന്റപ്പൻ തുരുത്തിച്ചിറ | പുല്ലങ്ങടി | 9,375/- |
| 2. ബിബിൻ കെ. മാത്യു, ചാലാപ്പറമ്പിൽ | ളായിക്കാട് | 6,191/- |
| 3. ദിയ എൽസ മാത്യു, ചാലാപ്പറമ്പിൽ | ളായിക്കാട് | 4,709/- |
| 4. ട്രീസ ഡിംപിൾ, കട്ടച്ചിറ | ഫാത്തിമാപുരം | 1,920/- |
| 5. ജോൺസൺ തോമസ്, താന്നിമൂട്ടിൽ | പനയമ്പാല | 9,375/- |
| 6. വിപിൻ വിശ്വംബരൻ പുളിമൂട്ടിൽ | രാമങ്കരി | 4,784/- |
| 7. വീണ വിപിൻ, പുളിമൂട്ടിൽ | രാമങ്കരി | 6,082/- |
| 8. ബിന്ദു ജോസ്ഫ്, ചിറയിൽ | മുണ്ടുപാലം | 3,666/- |
| 9. സാലിമ്മ ലോറൻസ്, അമിക്കുളം | മാമ്മൂട് | 9,250/- |

**(5) SAFP**

**സേവ് എ ഫാമിലി പ്ലാൻ-ഫണ്ട് വിതരണം**

സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിൽ 216 കുടുംബങ്ങൾക്ക് 52,79,369/- രൂപ സഹായധനം നൽകി.

❖❖❖

# കേന്ദ്രവാർത്തകൾ

**ഗാന്ധിജയന്തി ദിനാചരണം**

'മാലിന്യവിമുക്ത ഇന്ത്യ' എന്ന മുദ്രാവാക്യവുമായി കേന്ദ്ര ഗവൺമെന്റ് ഭാരതത്തിലുടനീളം ഗാന്ധിജയന്തി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ശുചിത്വം സേവനമാണ്' എന്ന കർമ്മ പരിപാടിയിൽ ചാസ് പങ്കാളിയായി. ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ 30 ന് രാവിലെ സീറോ മലബാർ സഭ കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിർവ്വഹിച്ചു.



ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ, റ്റി.എം. മാത്യു, കാർമ്മൽ ജോബി എന്നിവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനത്തിൽ സ്റ്റാഫ് അംഗങ്ങൾ സഹകാരികളായി.

**കാരിത്താസ് ഇന്ത്യ നാഷണൽ അസംബ്ലി**

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യ പാലാ Alphonsian pastoral institute ൽ ഒക്ടോബർ 12, 13, 14 തീയതികളിൽ സംഘടിപ്പിച്ച നാഷണൽ അസംബ്ലിയിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പങ്കെടുത്ത് ചാസിന്റെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 175 രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഡയറക്ടർമാർ സമ്മേളനത്തിൽ പങ്കെടുത്തു.

## ചാസ് എഡ്യൂ കെയർ

നിർദ്ധന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന ചാസ് എഡ്യൂ കെയർ പദ്ധതിയിൽ കുളത്തുങ്കൽ വർഗീസ് തോമസ് & ത്രേസ്യാമ്മ വർഗീസ് സ്മാരക വിദ്യാഭ്യാസ സഹായ പദ്ധതിവഴി 2 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായധനം നൽകി. ഒക്ടോബർ 13 ന് അതിരൂപതാ കേന്ദ്രത്തിൽ നടന്ന മീറ്റിംഗിൽ ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആദ്യഗഡു കൈമാറി. ചാസ് പ്രസിഡന്റ് വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## SAFP ക്ലസ്റ്റർ മീറ്റിംഗ്

സേവ് എ-ഫാമിലി പ്ലാൻ പദ്ധതിയിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളെ സന്ദർശിച്ച് അടുത്ത 6 വർഷക്കാലത്തേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നിലവിലുള്ള കുടുംബങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും വേണ്ടി പായിപ്പാട്, നെടുംകുന്നം, അതിരമ്പുഴ, തെള്ളകം, വള്ളംചിറ പ്രദേശങ്ങളിൽ ഒക്ടോബർ 4, 10, 17, 26 തീയതികളിലും, പുളിംകുന്ന്,



മാടപ്പള്ളി, ചങ്ങനാശ്ശേരി പ്രദേശങ്ങളിൽ നവംബർ 2, 7, 15 തീയതികളിലും, ഡിസംബർ 4 ന് ചമ്പക്കുളം മേഖലയിലും ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിച്ചു. SAFP കോഡിനേറ്റർ നിവ്യാ ജോസഫ് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. മേഖലാ കോർഡിനേറ്റർമാരായ അൽഫോൻസ് വർഗീസ്, സജി ഷാജി, സിജി ബിജുമോൻ എന്നിവർ നേതൃത്വം നൽകി.

**അർദ്ധ വാർഷിക ഓഡിറ്റിംഗ്**

ചാസ്, ചങ്ങനാശ്ശേരി അസംപ്ഷൻ കേളേജ് കോമേഴ്സ് വകുപ്പുമായി സഹകരിച്ച് ചാസിന്റെ 43 പ്രാദേശിക യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ 2023-24 സാമ്പത്തിക വർഷത്തിലെ അർദ്ധവാർഷിക ഓഡിറ്റിംഗ് നവംബർ 13 മുതൽ 17 വരെ തീയതികളിൽ നടത്തി. 101 വിദ്യാർത്ഥിനികളോടൊപ്പം ചാസ് മേഖലാ കോഡിനേറ്റർമാരും പ്രാദേശിക യൂണിറ്റ് ഭാരവാഹികളും സഹകാരികളായി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, MCP ഓഡിറ്റർ കെ.സി. ജോർജ്ജ്, മേഖലാ കോഡിനേറ്റർമാരായ ബിനു ജോസഫ്, ബേബി ജോസഫ് എന്നിവർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

**വിദ്യാർത്ഥി സംഗമം**

ചങ്ങനാശ്ശേരി എസ്. ബി. കോളേജിലെ ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി സാമൂഹ്യാവബോധവും പ്രായോഗിക പരിജ്ഞാനവും നൽകുന്നതിനായി നവംബർ 13-ാം തീയതി കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച വിദ്യാർത്ഥി സംഗമത്തിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ പങ്കെടുത്ത് ചാസിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

**കെയർ എ ഫാമിലി പ്രോഗ്രാം-പുതിയ കുടുംബങ്ങളെ തെരഞ്ഞെടുത്തു**

കെയർ എ ഫാമിലി പ്രോഗ്രാമിൽ കൊല്ലം മേഖലയിലെ മീൻകുളം, ഫിൽഗിരി എന്നീ യൂണിറ്റുകളിൽ നിന്നും 5 കുടുംബങ്ങളെ തെരഞ്ഞെടുത്തു. നവംബർ 21-ാം തീയതി പ്രോജക്ട് കോഡിനേറ്റർ സിസ്റ്റർ ആൽഫി DSJ, മേഖലാ കോർഡിനേറ്റർ ബേബി ജോസഫ്, ഭാരവാഹികളായ ഫ്രാൻസിസ് പള്ളിപ്പുറം, ജോണി മൂങ്ങനാനിൽ എന്നിവർ ഭവനങ്ങൾ സന്ദർശിച്ച് പദ്ധതി വിശദീകരണവും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകി.

**എയ്ഡ്സ് ദിനാചരണവും ബോധവത്ക്കരണ ക്ലാസും**

ചാസ്-ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് സോഷ്യൽ വർക്ക് വിഭാഗവുമായി സഹകരിച്ച് അസംപ്ഷൻ സെമിനാർ ഹാളിൽ ഡിസംബർ 1-ാം തീയതി എയ്ഡ്സ് ദിനാചരണവും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ് അദ്ധ്യക്ഷതവഹിച്ചു. ഡോ. ഫെലിക്സ് ജോൺ (Prof. &




HOD, Communtiy Medicine, Pushpagiri) ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സോഷ്യൽ വർക്ക് വിഭാഗം മേധാവി സിസ്റ്റർ മിനിമോൾ CMC, ഡോ. ബെഡ്സി എ. ജോസ് എന്നിവർ എയ്ഡ്സ് ദിനാചരണ സന്ദേശം നൽകി. ഡോ. ഡെൻസി ഡേവിസ് ബോധവത്ക്കരണ ക്ലാസ് നയിച്ചു.

**സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ**

ചേർപ്പുങ്കൽ BVM ഹോളിക്രോസ്, ചങ്ങനാശ്ശേരി SB, മാന്നാനം KE കോളേജ്, പുളിയൻമല ക്രൈസ്റ്റ് കോളേജ്, ഡി പോൾ ഇൻസ്റ്റിറ്റ്യൂട്ട് അങ്കമാലി, SAC കോളേജ് തിരുനൽവേലി എന്നിവിടെ നിന്നും എത്തിയ MSW, BSW വിദ്യാർത്ഥികൾക്ക് ചാസിന്റെ വിവിധ പ്രവർത്തന മേഖലകളെക്കുറിച്ചും, സാമൂഹ്യസേവന രംഗത്തെ വിവിധ വെല്ലുവിളികളെക്കുറിച്ചും ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.



ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, സിസ്റ്റർ സെൽമ SRA എന്നിവർ ചർച്ചയ്ക്കും ബോധവത്ക്കരണ ക്ലാസിനും നേതൃത്വം നൽകി.

**യാത്രയയപ്പ് സമ്മേളനം**

കഴിഞ്ഞ ഒന്നര ദശാബ്ദകാലഘട്ടത്തിൽ ചാസിന്റെ വിവിധ മേഖലകളിൽ സേവനം ചെയ്തശേഷം വിരമിച്ച ജോസ് സെബാസ്റ്റ്യൻ, കെ.സി. ജോർജ്ജ്, ബൈജു സി. സേവ്യർ എന്നിവർക്ക് ചാസ് കുടുംബം ഒന്നുചേർന്ന് യാത്രയയപ്പ് നൽകി. ജനുവരി 4-ാം തീയതി രാവിലെ 11:30 ന് ചാസ് കോൺഫ്രൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ്ജ് പനക്കേഴം, ഫാ. ജോർജ്ജ് തൈച്ചേരിൽ പ്രോഗ്രം ഓഫീസർ ജോബി മാത്യു, മേഖലാ കോഡിനേറ്റർ അൽഫോൻസ് വർഗീസ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

**സജീവം-ലഹരി വിപത്തിനെതിരെ തീവ്രജ്ഞം**

കാരിത്താസ് ഇൻഡ്യയുടെയും, കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും, SLCAയുടെയും സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ കൈനടി എ.ജെ. ജോൺ മെമ്മോറിയൽ സ്കൂൾ ഹാളിൽ ജനുവരി 5, 6 തീയതികളിൽ ലഹരി വിപത്തിനെതിരെ തീവ്രജ്ഞ പരിപാടി സംഘടിപ്പിച്ചു. കൈനടി പോലീസ് സബ് ഇൻസ്പെക്ടർ ജോയി തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. സ്കൂൾ മാനേജർ ഫാ. ജോർജ്ജ് കപ്പാംമൂട്ടിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. ഹെഡ്മിസ്ട്രസ് റോസിലി തോമസ്, ചെറുകര എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡന്റ് ശിവദാസ് ആതിര, പി.റ്റി.എ. പ്രസിഡന്റ് ജോയി ജോസഫ് എന്നിവർ ആശംസ നേർന്നു സംസാരിച്ചു. പ്രിൻസിപ്പൽ സിജോ സി കണ്ടത്തിലിന്റെ നേതൃത്വത്തിൽ സ്കൂൾ അങ്കണത്തിൽ Drug-free campaign board സ്ഥാപിച്ചു. സിസ്റ്റർ സെൽമ SRA, IRCA കറ്റാനം, പുന്നപ്രാ ടീം അംഗങ്ങളായ ലിജു തോമസ്, സോനാമോൾ, നിധിൻ ചന്ദ്ര, സച്ചിൻ ജോസ് എന്നിവർ ക്ലാസിന് നേതൃത്വം നൽകി.

• **ചാസ് കുടുംബസംഗമം**

ചാസിന്റെ പ്രാദേശിക, മേഖല യൂണിറ്റുകളിലെ ഭാരവാഹികളേയും സ്റ്റാഫ് അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2023-24 പ്രവർത്തന വർഷത്തെ കുടുംബസംഗമം സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ഓഡിറ്റോറിയത്തിൽ ഫെബ്രുവരി 24 ശനിയാഴ്ച 2:30 ന് ചാസ് പ്രസിഡന്റ് ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കുടുംബസംഗമം അഭിവന്ദ്യ പിതാവ്



മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അസി. ഡയറക്ടർ ഫാ. ജോർജ്ജ് പനക്കേഴം, പ്രോഗ്രാം ഓഫീസർ ജോബി മാത്യു, സ്റ്റാഫ് സെക്രട്ടറി സജി ഷാജി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. നെടുംകുന്നം സെന്റ് ജോൺസ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപിക ഷിജി ജോൺസൺ 'സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ-ഇന്നത്തെ സാഹചര്യത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ചാസ് പ്രാദേശിക യൂണിറ്റുകളുടെയും മേഖലാ സമിതികളുടെയും സഹകരണത്തോടുകൂടി അടുത്ത മൂന്ന് വർഷത്തേയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'സുന്ദരഭൂമി-സുരക്ഷിത കുടുംബം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 9 ഇന കർമ്മ പരിപാടികളുടെ മേഖലാതല ഉദ്ഘാടനം തദവസരത്തിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു.

- **സജീവം കർമ്മസേന**

സജീവം ലഹരിവിരുദ്ധ കാമ്പേയ്ന്റെ ഭാഗമായി രൂപീകരിച്ച 'കർമ്മ സേന'യുടെ ഉദ്ഘാടനം ഫെബ്രുവരി 24 ന് അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു.



• **2024 നോമ്പുകാല പ്രചാരണം**

ഭാരത കത്തോലിക്ക മെത്രാൻസമിതിയുടെ സാമൂഹ്യസേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ, കേരള കത്തോലിക്ക മെത്രാൻസമിതിയുടെ സാമൂഹ്യസേവന വിഭാഗമായ കേരള സോഷ്യൽ സർവ്വീസ് ഫോറം എന്നിവയുമായി സഹകരിച്ച് ചങ്ങനാശ്ശേരി അതിരൂപതയിൽ




ചാസ് നടത്തുന്ന 2024 നോമ്പുകാല പ്രചാരണ പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ഫെബ്രുവരി 24 ന് അഭിവന്ദ്യപിതാവ് നിർവ്വഹിച്ചു.

• **ചാസ്-KSBCDC വായ്പാമേള**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ചാസിന്റെ 30 സ്വാശ്രയ സംഘങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് 2023-24 പ്രവർത്തനവർഷത്തിൽ 1.5 കോടി രൂപയുടെ



വായ്പ അനുവദിച്ചു. വായ്പാ വിതരണം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. ചാസിന്റെ പ്രാദേശിക യൂണിറ്റിൽ തെരഞ്ഞെടുക്കപ്പെട്ട 30 സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങൾക്കാണ് വായ്പ അനുവദിച്ചിരിക്കുന്നത്.

അഞ്ച് ശതമാനം പലിശനിരക്കിൽ മൂന്നു വർഷത്തെ കാലവധിക്കാണ് വായ്പ നൽകിയത്. KSBCDC ജില്ലാ അസി. മാനേജർ എ. ആർ. ഷാജിയിൽ നിന്നും അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ചെക്ക് ഏറ്റുവാങ്ങി. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും, ഡോ. ജോസഫ് എബ്രഹാം പദ്ധതി വിശദീകരണവും നൽകി. മേഖല കോഡിനേറ്റർ അൽഫോൻസ് വർഗീസ് നന്ദി പ്രകാശിപ്പിച്ചു. നൂറിൽപ്പരം സ്വാശ്രയസംഘാംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

- **ചാസ് അന്താരാഷ്ട്ര വനിതാദിനം 'ഇവ-2K24' ആചരിച്ചു**

ചാസിന്റെ ആഭിമുഖ്യത്തിൽ കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ പ്രവർത്തിക്കുന്ന വനിതാ സ്വാശ്രയസംഘങ്ങളുടെയും മഹിളാസമാജങ്ങളുടെയും, ചാസ് പ്രാദേശിക യൂണിറ്റുകളുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം 'ഇവ-2K24'സമുചിതമായി ആചരിച്ചു. എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ മാർച്ച്







9-ാം തീയതി ശനിയാഴ്ച മൂന്നു മണിക്ക് സംഘടിപ്പിച്ച വനിതാസംഗമത്തിൽ ആയിരത്തിൽപ്പരം വനിതാ പ്രതിനിധികൾ പങ്കെടുത്തു.

അസംപ്ഷൻ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. റാണി മരിയ വനിതാദിനസന്ദേശം നൽകി. വനിതാ സംരംഭക അഡ്വ. സജിത റ്റി.പി, തീയേറ്റർ ആക്റ്റിവിസ്റ്റ് കെ.എൻ. ഷീബ, സ്പെഷ്യൽ എജ്യുകേറ്റർ കൃപ ലിജിൻ എന്നിവർ സംയുക്തമായി സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ പിതാവ് മാർ ജോസഫ് പെരുന്തോട്ടം വനിതാ പ്രതിഭകളെ മെമന്റോ നൽകി ആദരിച്ചു. അതിരൂപത വികാരി ജനറാളും ചാസ് പ്രസിഡന്റുമായ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ വനിതാ ദിന സന്ദേശവും സമ്മാനദാനവും നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, സിസ്റ്റർ ആൽഫി DSJ, അൽഫോൻസ വർഗീസ് എന്നിവർ പ്രസംഗിച്ചു. സ്വാശ്രയ സംഘാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ചടങ്ങിന് മിഴിവേകി.

• **അസീസ്സി വിദ്യാലയം-വാർഷികം**

ചാസിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന പൂന്തോപ്പ് അസീസ്സി വിദ്യാലയത്തിന്റെ 31-ാം മത് വാർഷികം മാർച്ച് 14 വ്യാഴാഴ്ച 2 മണിക്ക് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം ആലപ്പുഴ മുനിസിപ്പൽ ചെയർപേഴ്സൺ കെ.കെ. ജയമ്മ ഉദ്ഘാടനം ചെയ്തു. പൂന്തോപ്പ് പള്ളി വികാരിയും അസീസ്സി



വിദ്യാലയത്തിന്റെ ലോക്കൽ മാനേജരുമായ ഫാ. സെബാസ്റ്റ്യൻ മണ്ണാംതുരുത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. പ്രിൻസിപ്പൽ സിസ്റ്റർ ആൻസിറ്റ് മരിയ CMC റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. അനിൽ പഞ്ഞിപ്പുഴ, സിന്ധു മുരുകൻ, സിസ്റ്റർ റാണി മരിയ CMC, പി.റ്റി.എ. പ്രസിഡന്റ് മുഹമ്മദ് സാലി, സ്റ്റാഫ് സെക്രട്ടറി ഐഡാമ്മ മോൻസി എന്നിവർ ആശംസയർപ്പിച്ചു. തുടർന്ന് കുട്ടികളുടെ കലാകായിക പരിപാടികൾ നടത്തി.

**• യൂണിറ്റ് ഇലക്ഷൻ നടത്തി**

ചാസിന്റെ പ്രവർത്തനങ്ങൾക്ക് 2024–27 കാലഘട്ടത്തിൽ നേതൃത്വം കൊടുക്കേണ്ട യൂണിറ്റ് ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് 15 മേഖലകളിലെ 120 യൂണിറ്റുകളിൽ പൂർത്തിയാക്കി. പുതിയ ഭരണസമിതി 2024 ഏപ്രിൽ മുതൽ ആരംഭിക്കുന്നതാണ്.

**• Care A Family Programme- ബോധവത്ക്കരണ ക്ലാസ്**

കെയർ എ ഫാമിലി പ്രോഗ്രാമിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ കുടുംബങ്ങൾക്ക് ജനുവരി 25 ന് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. പ്രോജക്ട് ഓഫീസർ സിസ്റ്റർ സെൽമ SRA പദ്ധതി വിശദീകരണം നടത്തി.

**• റിഹാസ്വിസ്സ് പദ്ധതി വിലയിരുത്തൽ യോഗം**

റിഹാസ്വിസ്സിന്റെ സഹായത്തോടെ ചാസ് നടപ്പിലാക്കിവരുന്ന ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതിയിൽ 2022–23 കാലഘട്ടത്തിൽ സഹായം ലഭിച്ച 21 കുടുംബങ്ങളുടെ സ്വയം തൊഴിൽ പദ്ധതി



വിലയിരുത്തുന്നതിനും കുടുംബാംഗങ്ങളുമായി മുഖാഭിമുഖം നടത്തുന്നതിനും റിഹാസ്വിസ്സ് സ്ഥാപക പ്രസിഡന്റ് ജോസഫ് ഏറത്തോട്ടും ടീം അംഗങ്ങളും ഫെബ്രുവരി 6 ന് ചാസ് കേന്ദ്ര ഓഫീസ് സന്ദർശിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. പ്രോഗ്രാം ഓഫീസർ ജോബി മാത്യു, പ്രോജക്ട് കോഡിനേറ്റർ ഷീബാമോൾ സന്തോഷ് എന്നിവർ പ്രസംഗിച്ചു.

**• ചാരിറ്റി ഗോട്ട് ഫാം ആശീർവദിച്ചു**

ചാസ് റിഹാസ്വിസ്സുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി ആരംഭിച്ച 'ചാരിറ്റി ഗോട്ട് ഫാമിന്റെ' ആശീർവാദകർമ്മം ഫെബ്രുവരി 19–ാം

തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3:30 ന് അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ തോമസ് ചാഴികാടൻ MP ചാരിറ്റി ഗോട്ട് ഫാം ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ പദ്ധതി ലഭ്യമാക്കുക എന്നതാണ് ഫാമിന്റെ ലക്ഷ്യം. ഒരേ സമയം 100 ആടുകളെ വളർത്തുന്നതിനും ജൈവവളനിർമ്മാണത്തിനും, ആടുവളർത്തൽ പരിശീലനത്തിനും, തീറ്റപ്പുൽ കൃഷിക്കുമായുള്ള വിപുലമായ ക്രമീകരണം ഇവിടെ ഒരുക്കിയിട്ടുണ്ട്. ചാരിറ്റി ഗോട്ട് ഫാമിന് വേണ്ട എല്ലാ സഹായസഹകരണവും ലഭ്യമാക്കിയ റിഹാസ്വിസ്സ് സ്ഥാപക പ്രസിഡന്റ് ജോസഫ് എർത്തോട്ടിനേയും ജീവിത പങ്കാളി സൂസന്നയേയും തദവസരത്തിൽ അഭിവന്ദ്യ പിതാവ് ആദരിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ



ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഫാ. ജോർജ്ജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, മുൻ ചാസ് ഡയറക്ടറും ജീവകാരുണ്യ ട്രസ്റ്റ് ഡയറക്ടറുമായ ഫാ. ഗ്രിഗറി ഓണംകുളം, തോട്ടയ്ക്കാട് ചസ് യൂണിറ്റ് ഡയറക്ടർ ഫാ. ജോബി പരുവപ്പറമ്പിൽ, യൂണിറ്റ് ഭാരവാഹികൾ, ചാസ് സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

• **കൂൺകൃഷി പരിശീലനം**

ടൈസ് വെള്ളൂർ റിസോഴ്സ് സെന്റർ പാമ്പാടിയിൽ വച്ച് ജനുവരി 25 ന് സംഘടിപ്പിച്ച കൂൺകൃഷി പരിശീലന പരിപാടിയിൽ ചാസിൽ നിന്നും മേഖലാ കോഡിനേറ്റർ അൽഫോൻസ് വർഗീസ്, ഗ്രേയ്സമ്മ ജോസഫ് എന്നിവർ പങ്കെടുത്തു. വിവിധതരം കൂൺ കൃഷിചെയ്യുന്ന

രീതി, കൃഷിക്ക് ആവശ്യമായ ബെഡ് തയ്യാറാക്കുന്ന വിധം, വ്യാവസായികാടിസ്ഥാനത്തിൽ കൂൺ കൃഷി ചെയ്യുമ്പോൾ ഉണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും എന്നിവയെക്കുറിച്ച് ക്ലാസിൽ വിശദീകരിച്ചു.

- **സ്വാശ്രയ സംഘരൂപീകരണം**

| **തീയതി** | **യൂണിറ്റ്** | **സംഘം** | **അംഗങ്ങൾ** |
|---|---|---|---|
| 26.10.2023 | ഏറ്റുമാനൂർ | ഹോളിമ | 13 |
| 28.10.2023 | രാമങ്കരി | പൗളിൻസ് | 13 |
| 01.11.2023 | മായം | അൽഫോൻസ | 10 |
| 08.11.2023 | ഫാത്തിമാപുരം | ഹെവാനിയ | 20 |
| 15.11.2023 | നാലുകോടി | ശാലോം | 11 |
| 22.11.2023 | ഫിൽഗിരി | ചൈതന്യ | 15 |
| 15.12.2023 | ഫാത്തിമാപുരം | നവജ്യോതി | 17 |
| 19.12.2023 | ഫാത്തിമാപുരം | ചൈതന്യ | 10 |
| 18.01.2023 | കാവാലം | സെന്റ് തെരേസാസ് | 16 |
| 20.02.2024 | ഫാത്തിമാപുരം | തളിർ | 20 |
| 02.03.2024 | ഫിൽഗിരി | സെന്റ് അൽഫോൻസ | 11 |
| 03.03.2024 | ഫാത്തിമാപുരം | സാന്ത്വനം | 16 |
| 06.03.2024 | ഫാത്തിമാപുരം | ഹരിത | 20 |
| 06.03.2024 | ഫാത്തിമാപുരം | പ്രതിഭ | 12 |
| 06.03.2024 | തത്തംപള്ളി | സ്നേഹദീപം | 11 |
| 26.03.2024 | മാടപ്പള്ളി | സൗഹൃദം | 12 |

❖❖❖


# COPTAC
## തയ്യൽ പരിശീലനം

* **വനിതകൾക്ക് മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം.**
* **എംബ്രോയിഡറി പരിശീലനം.**
* **താൽപര്യമുള്ള ഇനങ്ങൾ മാത്രം പഠിക്കാൻ അവസരം.**

**മാമ്മോദീസാസെറ്റ്**
ആൺകുട്ടികൾക്കും
പെൺകുട്ടികൾക്കും
മിതമായ നിരക്കിൽ

**Ph: 0481 2400085, 9995510085**

# മേഖലാവാർത്തകൾ

## ആലപ്പുഴ

**സൺഡേ മാർക്കറ്റ് ആരംഭിച്ചു:** മുഹമ്മ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 1 ന് സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ വെരി. റവ. ഫാ. ആന്റണി കാട്ടൂപ്പാറ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് സെബാൻ യോഗ്യാവീട്, സെക്രട്ടറി തോമസ് വള്ളോംതറ എന്നിവർ നേതൃത്വം നൽകി. സ്വാശ്രയസംഘാംഗങ്ങളുടെ ഉൽപ്പന്നങ്ങളാണ് വിപണിവഴി ലഭ്യമാക്കുന്നത്.

**സ്വാശ്രയസംഘ സംഗമവും സൺഡേ മാർക്കറ്റ് ഉദ്ഘാടനവും:** തത്തംപള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സ്വാശ്രയസംഘസംഗമവും സൺഡേ മാർക്കറ്റ് ഉദ്ഘാടനവും ഒക്ടോബർ 28 ശനിയാഴ്ച 2 മണിക്ക് സംഘടിപ്പിച്ചു. ഫാ. ഡോ. ജോസഫ് പുതുപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. സിസ്റ്റർ റെയ്മേരി SABS, വാർഡ് കൗൺസിലർ



കൊച്ചുത്രേസ്യാ, ജോസഫ് ജെയിംസ് കാലായിൽ, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, തൊമ്മി ജോസഫ് തട്ടുങ്കൽ, കെ.ജെ. ജോസഫ് കളത്തിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് 'കുടുംബ ജീവിതത്തിൽ സ്വാശ്രയസംഘങ്ങളുടെ പ്രസക്തി' എന്ന വിഷയത്തിൽ ആലപ്പുഴ ഫൊറോന വികാരി ഫാ. ഡോ. സിറിയക്ക് കോട്ടയിൽ സെമിനാർ നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്:** തത്തംപള്ളി യൂണിറ്റിന്റെയും സഹൃദയ ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ സെന്റ് മൈക്കിൾ



ആഡിറ്റോറിയത്തിൽ വച്ച് ഡിസംബർ 31 ന് രാവിലെ 8.30 മുതൽ 1 മണിവരെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതുപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ആലപ്പുഴ MLA പി.പി. ചിത്തരഞ്ചൻ ഉദ്ഘാടനം നിർവ്വഹിച്ചു.

**മേഖലാസമ്മേളനം:** പഴവങ്ങാടി യൂണിറ്റിൽ വച്ച് ജനുവരി 28 ന് ആലപ്പുഴ മേഖലാ സമ്മേളനം സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് തോമസ് തൈച്ചേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ജോഷി നെടിയപറമ്പിൽ സ്വാഗതം ആശംസിച്ചു. മേഖലാ കോഡിനേറ്റർ ഡി. ജോസഫ് നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമം :** ആറാട്ടുവഴി യൂണിറ്റിൽ മാർച്ച് 1 ന് സ്വാശ്രയസംഘസംഗമം നടത്തി. യൂണിറ്റ് പ്രസിഡന്റ് തോമസ് പാലവീടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോബി മാത്യു 'സ്വാശ്രയസംഘത്തിന്റെ പ്രസക്തി' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ആനിമേറ്റർ സിസ്റ്റർ സിനി റോസ് SJMS, യൂണിറ്റ് പ്രസിഡന്റ് കെ.ജെ. ബാബു വാളംപറമ്പ്, മേഖലാ കോഡിനേറ്റർ ഡി. ജോസഫ്, യൂണിറ്റ് വൈസ് പ്രസിഡന്റ് പുഷ്പമ്മ ജോസഫ്, മഹിളാസമാജം സെക്രട്ടറി ആശ തോമസ്, ടോം



ജോസഫ് എന്നിവർ പ്രസംഗിച്ചു. മഹിളാസമാജത്തിന്റെ പുതിയ ഭാരവാഹികളായി ആൻഡ്രിയാ സുരേഷ്, ജെസി ജേക്കബ് എന്നിവരെ തെരഞ്ഞെടുത്തു.

**യൂണിറ്റ് രൂപീകരണം:** കുട്ടമംഗലം സെന്റ് ജോസഫ്സ് ഇടവകയിൽ മാർച്ച് 10 ന് ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. വർഗീസ് കായിത്രയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ചാസ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങളെയും ചുമതലകളെയും കുറിച്ച് കോഡിനേറ്റർ ഡി. ജോസഫ് സംസാരിച്ചു.

**യൂണിറ്റ് വാർഷികവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും:** പുന്നമട യൂണിറ്റിന്റെ 32-ാം മത് വാർഷികവും സൺഡേ മാർക്കറ്റ്, ഹരിതാഭം, എജ്യുകെയർ, മെഡി ഹെൽപ്പ്, ഹെൽത്ത് ക്ലബ്ബ് എന്നീ പദ്ധതികളുടെ ഉദ്ഘാടനവും മാർച്ച് 14 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസുകുട്ടി താന്നിയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ചാസ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ആനിമേറ്റർ സി. എലിസബത്ത് FDSHJ, യൂണിറ്റ് പ്രസിഡന്റ് ജോളി ജോസഫ്, സെക്രട്ടറി ജോഷി ജോർജ്ജ് നെടിയാപറമ്പിൽ, ജ്യോതി മാത്യു, മേഖല കോഡിനേറ്റർ ഡി ജോസഫ്, മാത്യു വിഎസ് കുരിശിങ്കൽ എന്നിവർ പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് ജിജി തോമസ് മഠത്തിപ്പറമ്പിൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.

**സ്വയംതൊഴിൽ വായ്പാ വിതരണം:** പഴവങ്ങാടി യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘാംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽ നിന്നും വായ്പ അനുവദിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സിറിയക്ക് കോട്ടയിൽ വായ്പാ വിതരണം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് തോമസ് തൈച്ചേരിൽ സെക്രട്ടറി ജേക്കബ് വർഗീസ് പൂവത്തുശ്ശേരി, സംഘം കൺവീനർ ജോസഫ് ബംഗ്ലാവുപറമ്പ് എന്നിവർ നേതൃത്വം നൽകി. മേഖലാ കോർഡിനേറ്റർ ഡി. ജോസഫ് സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ച് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി.

## അമ്പൂരി

**വനിതാദിനാചരണവും കാൻസർ ബോധവത്ക്കരണ ക്ലാസും:** മായം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 വെള്ളിയാഴ്ച വനിതാദിനാചരണവും കാൻസർ ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു മൂന്നാറ്റിൻമുഖം വനിതാദിന



സന്ദേശം നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ. സുബൻ, ബിബിതാ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ കാൻസർ ബോധവത്ക്കരണ ക്ലാസ് നടത്തി.

**വനിതാദിനാചരണവും മാതൃസംഗമവും:** അമ്പൂരി യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 11 തിങ്കളാഴ്ച വനിതാദിനാചരണവും, മാതൃസംഗമവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി കരിവേലിൽ വനിതാദിനസന്ദേശം നൽകുകയും ചാസിന്റെ പ്രവർത്തനരംഗത്ത് സജീവ അംഗങ്ങളായ മൂന്ന് മുതിർന്ന വനിതകളെ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്തു. ഫൊറോനാ പ്രസിഡന്റ് ഒ.റ്റി. ജോസ് ഓടലാനി ആശംസയർപ്പിച്ചു.

## അതിരമ്പുഴ



**സ്വാശ്രയസംഘവാർഷികം:** ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'പുതുമ' സ്വാശ്രയസംഘത്തിന്റെ ഒന്നാം വാർഷികം ഒക്ടോബർ 14 ന് നടത്തി. സംഘം പ്രസിഡന്റ് മിനി സജി അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് പനച്ചേൽ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോർഡിനേറ്റർ സജി ഷാജി, മഹിളാ സമാജം പ്രസിഡന്റ് തങ്കമ്മ ലൂക്കോസ് എന്നിവർ ആശംസയർപ്പിച്ചു. സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**സ്വാശ്രയസംഘവാർഷികം:** ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സെന്റ് ജോൺസ്' സ്വാശ്രയസംഘത്തിന്റെ 25-ാം മത് വാർഷികം നവംബർ 4 ന് നടത്തി. പ്രസിഡന്റ് സോളി ഷാജി അദ്ധ്യക്ഷതവഹിച്ചു. അതിരമ്പുഴ പഞ്ചായത്ത് പ്രസിഡന്റ് സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ്



കുളത്തുങ്കൽ മുഖ്യപ്രഭാഷണവും യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മുകുളേൽ അനുഗ്രഹസന്ദേശവും നൽകി. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ്ജ് തൈച്ചേരിൽ, യൂണിറ്റ് അസി. വികാരി ഫാ. ജേക്കബ് ചാക്കാത്ര, മേഖലാ കോർഡിനേറ്റർ സജി ഷാജി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**സ്വാശ്രയസംഘസംഗമവും ക്രിസ്തുമസ് ആഘോഷവും:** വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 19 ന് സ്വാശ്രയ സംഘസംഗമവും ക്രിസ്തുമസ് ആഘോഷവും സംഘടിപ്പിച്ചു. യൂണിറ്റ്

ഡയറക്ടർ ഫാ. ജോസ്ഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ സജി ഷാജി ആശംസയർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**സ്വാശ്രയസംഘവാർഷികം:** ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാവേലി' പുരുഷ സ്വാശ്രയസംഘത്തിന്റെ വാർഷികം ജനുവരി 7 ന് ജോയി ചോരേട്ടിന്റെ വസതിയിൽ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർ സജി തടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി. സെബാസ്റ്റ്യൻ കുഴിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 2024-25 വർഷത്തെ ഭാരവാഹികളായി ഷാജി കുഴിഞ്ഞാലിൽ, പികെ ശിവദാസ്, സാന്റി കുഴിഞ്ഞാലിൽ, സിബി തെക്കേപ്പുറം, റോയി നായത്തുപറമ്പിൽ, കെ.സി. സെബാസ്റ്റ്യൻ കുഴിപ്പറമ്പിൽ എന്നിവരെ തെരഞ്ഞെടുത്തു.

**സ്വാശ്രയസംഘവാർഷികം:** തെള്ളകം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'വികാസ്' സ്വാശ്രയസംഘത്തിന്റെ 25-ാം മത് വാർഷികം ഫെബ്രുവരി 10-ാം തീയതി സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ഷാജി ആലുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് രാജൻ ചൂര



ക്കളം അദ്ധ്യക്ഷതവഹിച്ചു. സിസ്റ്റർ റെജീസ് SABS, കോഡിനേറ്റർ സജി ഷാജി എന്നിവർ പ്രസംഗിച്ചു.

**മാവേലി-വനിതാ സ്വാശ്രയസംഘ ഉദ്ഘാടനം:** ഏറ്റുമാനൂർ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'മാവേലി' പുരുഷ-വനിതാ സ്വാശ്രയ സംഘങ്ങളുടെ നേതൃത്വത്തിൽ ചാസ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാലയ്ക്ക് സ്വീകരണം നൽകി. ഫെബ്രുവരി 18 ന് നടത്തിയ യോഗത്തിൽ വച്ച് മാവേലി വനിതാ സ്വാശ്രയസംഘത്തിന്റെ പ്രവർത്തന ഉദ്ഘാടനം അസി. ഡയറക്ടർ നിർവ്വഹിച്ചു.



**യൂണിറ്റ് വാർഷികവും വനിതാദിനാചരണവും:** വെട്ടിമുകൾ യൂണിറ്റുവാർഷികവും അന്താരാഷ്ട്ര വനിതാദിനാചരണവും മാർച്ച് 5-ാം തീയതി നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം ഏറ്റുമാനൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ലൗലി ജോർജ്ജ് പടിയറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ജോർജ്ജ് നൂറ്റിതോണിൽ 2023-24 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. മേഖല കോഡിനേറ്റർ സജി ഷാജി,



എക്സിക്യൂട്ടീവ് മെമ്പർ സിറിൾ നരിക്കുഴി എന്നിവർ ആശംസയർപ്പിച്ചു. 'വനിതാശാക്തീകരണവും-സ്വയംതൊഴിൽ സംരംഭവും' എന്ന വിഷയത്തെ ആസ്പദമാക്കി അർച്ചന വിമൻസ് സെന്റർ ഡയറക്ടർ സിസ്റ്റർ ത്രേസ്യാമ്മ OMMI ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 125ൽപ്പരം അംഗങ്ങൾ പങ്കെടുത്തു.

### ചമ്പക്കുളം

**യൂണിറ്റ് വാർഷികം:** വടക്കേഅമിച്ചകരി യൂണിറ്റ് വാർഷികം ഒക്ടോബർ 8 ന് പള്ളി പാരീഷ് ഹാളിൽ യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസിഡന്റ്

ദേവസ്യ പി.ഒ. സ്വാഗതം ആശംസിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി ജെസി ജോജി റിപ്പോർട്ട് അവതരിപ്പിച്ചു.

**കേക്ക് വിതരണം**: പൊങ്ങ, വൈശ്യംഭാഗം എന്നീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി 2023 ഡിസംബർ മാസം നിർദ്ധന കുടുംബങ്ങളെയും, രോഗികളെയും സന്ദർശിച്ച് കേക്ക് വിതരണം ചെയ്തു.

**തയ്യൽ പരിശീലനം:** വടക്കേഅമിച്ചകരി യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങളെ ഉൾപ്പെടുത്തി മൂന്നുമാസം നീണ്ടു നിൽക്കുന്ന 'സഞ്ചാരി' തയ്യൽ പരിശീലനം ഫെബ്രുവരി 12 ന് ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി ജെസി ജോജി, ത്രേസ്യാമ്മ ജോസഫ് എന്നിവർ പ്രസംഗിച്ചു.



**മരിയഭവൻ സന്ദർശിച്ചു**: ചേന്നങ്കരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജെയിംസ് അത്തിക്കളത്തിന്റെ നേതൃത്വത്തിൽ ജനുവരി 27 ന് പറവൂർ മരിയഭവൻ സന്ദർശിച്ച് അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്തു.

**മേഖലാ സമ്മേളനം**: ചമ്പക്കുളം മേഖലാ സമ്മേളനം ജനുവരി 27 ന് ചമ്പക്കുളം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. യൂണിറ്റുതലത്തിൽ റിപ്പോർട്ട് അവതരിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. മേഖലാ പ്രസിഡന്റ് ലിജോ കടുക്കാത്ര അദ്ധ്യക്ഷത വഹിച്ചു. കോഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമം**: ചേന്നംകരി യൂണിറ്റിൽ ഫെബ്രുവരി 29 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് സിപി അദ്ധ്യക്ഷതവഹിച്ചു. 'സ്ത്രീകളും-സ്വാശ്രയത്വവും' എന്ന വിഷയത്തിൽ മേഖലാ കോഡിനേറ്റർ ഡി. ജോസഫ് ക്ലാസ് നയിച്ചു.

### ചങ്ങനാശ്ശേരി

**സ്വയംതൊഴിൽ പരിശീലനം:** ചെത്തിപ്പുഴ ക്രിസ്തു ജ്യോതി കോളേജിൽ സ്വയം തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി സോപ്പ്, സോപ്പുപൊടി, ലിക്വിഡ് സോപ്പ്, ലോഷൻ എന്നിവ നിർമ്മിക്കുവാൻ ഒക്ടോബർ 17 ന് പരിശീലനം നൽകി. പ്രിൻസിപ്പൽ ഫാ. ജോഷി



ചീരംകുന്നേൽ CMI പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. 45 വിദ്യാർത്ഥികൾ പങ്കെടുത്തു. അൽഫോൻസ് വർഗീസ്, ഗ്രേയ്സമ്മ ജോസഫ് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.

**നാട്ടുപച്ച-കാർഷിക വിപണനമേള:** പാറേൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 20 മുതൽ 23 വരെ തീയതികളിൽ 'നാട്ടുപച്ച -കാർഷിക വിപണനമേള' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ച സമ്മേളനം അഡ്വ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും ചങ്ങനാശ്ശേരി മുനിസിപ്പൽ വൈസ് ചെയർമാൻ മാത്യൂസ് ജോർജ്ജ് മുഖ്യപ്രഭാഷണവും നടത്തി. വിദ്യാർത്ഥികൾക്കായി ചിത്രരചന, ക്വിസ്, യോഗ



ക്ലാസ്, സ്വാശ്രയസംഘാംഗങ്ങളുടെ വിവിധ കലാകായിക മത്സരങ്ങൾ എന്നിവയും നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ബാബു വള്ളപ്പുര, സെക്രട്ടറി തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ നേതൃത്വം നൽകി. പച്ചക്കറിവിത്തുകൾ, തൈകൾ, കാർഷികനേഴ്സറി, ജൈവവളം, ഡ്രിപ്പ് ഇറിഗേഷൻ മോഡലുകൾ, കോഴിയും-കൂടും, വാട്ടർ പ്യൂരിഫെയർ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും നടത്തി.

**യോഗ പരിശീലനം ആരംഭിച്ചു:** പുഴവാത് യൂണിറ്റിൽ ഫെബ്രുവരി 22 മുതൽ യോഗ പരിശീലനം ആരംഭിച്ചു. 15 വനിതകൾ പങ്കെടുക്കുന്ന പരിശീലനത്തിന് സുജാമോൾ നേതൃത്വം നൽകിവരുന്നു.



**സൺഡേ മാർക്കറ്റ് ആരംഭിച്ചു:** ളായിക്കാട് യൂണിറ്റിൽ മാർച്ച് 17 മുതൽ സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു നടമുഖം ആദ്യവിൽപ്പന നിർവ്വഹിച്ചു.



**എടത്വാ**

**തയ്യൽ പരിശീലനം ആരംഭിച്ചു:** പച്ച-ചെക്കിടിക്കാട് യൂണിറ്റിൽ ഡിസംബർ 16 ന് മൂന്നുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ



ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ 16 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**യൂണിറ്റ് വാർഷികവും പൊതുയോഗവും** : പച്ച-ചെക്കിടിക്കാട് യൂണിറ്റ് വാർഷികവും പൊതുയോഗവും ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 21 ന് നടത്തപ്പെട്ടു. ചാസ് ഡയറ



ക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ 16 കുട്ടികൾക്ക് കാഷ് അവാർഡ് നൽകി ആദരിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.



**സംഘവാർഷികവും കുടുംബസംഗമവും:** മുട്ടാർ ഓൾഡ് 'സമൃദ്ധി' സ്വാശ്രയസംഘ വാർഷികവും കുടുംബസംഗമവും ജനുവരി 28 ന് പൂയപ്പള്ളി മാത്തുക്കുട്ടി ജോസഫിന്റെ ഭവനത്തിൽ വച്ച് യൂണിറ്റ് ഡയറക്ടർ ഫാ. സിറിൾ ചേപ്പില ഉദ്ഘാടനം ചെയ്തു. മുട്ടാർ പഞ്ചായത്തംഗം ജോബ് മാമ്മൂട്ടിൽ, മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ, യൂണിറ്റ് പ്രസിഡന്റ് എസ്.റ്റി. ചാക്കോ, സെക്രട്ടറി ലാലി മുട്ടാർ എന്നിവർ ആശംസയർപ്പിച്ചു. സംഘാംഗങ്ങൾ നേതൃത്വം നൽകി. മുട്ടാർ മോഡൽ ഗ്രാമം പദ്ധയിൽ പ്രവർത്തിക്കുന്ന പതിനെട്ട് കുടുംബാംഗങ്ങൾ ഒന്നിച്ച് സ്നേഹവിരുന്ന് നടത്തി.

## കൊല്ലം

**ഗുണഭോക്താക്കളെ തെരഞ്ഞടുത്തു:** ഫിൽഗിരി, മീൻകുളം യൂണിറ്റുകളിൽ നിന്നും കെയർ എ ഫാമിലി പദ്ധതിയിലേയക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പ്രോഗ്രാം കോഡിനേറ്റർ സി. ആൽഫിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 28 ന് 5 കുടുംബങ്ങൾ സന്ദർശിച്ചു. ഫിൽഗിരിയിൽ നിന്നും നാലും മീൻകളത്തുനിന്നു ഒരു കുടുംബത്തേയും തെരഞ്ഞെടുത്തു. മേഖലാ കോഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റ് ഭാരവാഹികളായ ജോണി മൂങ്ങനാനിൽ, ഫ്രാൻസീസ് മീൻകുളം എന്നിവർ നേതൃത്വം നൽകി.

**ബോധവത്ക്കരണ ക്ലാസ്:** പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 29 ന് ആര്യങ്കാവ് യൂണിറ്റിൽ 'സ്വാശ്രയസംഘവും-വനിതീശാക്തീകരണം' എന്ന വിഷയത്തിൽ പുളിംകുന്ന് മേഖലാ കോഡിനേറ്റർ ബിനു ജോസഫ്, ബേബി ജോസഫ് എന്നിവ് ക്ലാസ് നയിച്ചു.



**തേനീച്ച വളർത്തൽ പരിശീലനം:** നെല്ലിപ്പള്ളി യൂണിറ്റിൽ ചാസ് ഖാദി വിഭാഗവുമായി സഹകരിച്ച് ഫെബ്രുവരി 4 തേനീച്ച വളർത്തൽ കർഷകർക്ക് പരിശീലനം നൽകി. ചാസ് അസി. ഡയറക്ടർ ഫാ. വർഗീസ് നമ്പീമഠം തേനീച്ച വളർത്തലിന്റെ വിവിധ തലങ്ങൾ വിശദീകരിച്ചു. മേഖലാ കോഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റ് പ്രസിഡന്റ് ജേക്കബ് പഞ്ഞിക്കാരൻ ക്ലാസ് എന്നിവർ നേതൃത്വം നൽകി.

**കോട്ടയം**

**SHG വാർഷികവും കുടുംബസംഗമവും:** പങ്ങട യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ആദർശ്' SHG യുടെ 11-ാമത് വാർഷികവും കുടുംബസംഗമവും 2023 നവംബർ 19ന് സംഘം പ്രസിഡന്റ് സോജി തോമസിന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ബെന്നി കുഴിയടി ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് സി.ജെ. മാത്യു, കോഡിനേറ്റർ ടോം സി തയ്യിൽ, കെ.കെ. തോമസ്, ജറീഷ് ജോസ്, കെ.എ. ജോസഫ് എന്നിവർ പ്രസംഗിച്ചു. സെക്രട്ടറി അനിൽകുമാർ പി.ബി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കൂരോപ്പട പഞ്ചായത്തിലെ മികച്ച ജൈവകർഷക അനി സോജിയെ ചടങ്ങിൽ ആദരിച്ചു.



**സ്വാശ്രയസംഘ കുടുംബസംഗമം:** വടവാതൂർ ചാസ് യൂണിറ്റിൽ ജനുവരി 14 ന് സംഘടിപ്പിച്ച സ്വാശ്രയസംഘ കുടുംബസംഗമം അതിരൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. വർഗീസ് താനമാവുങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജെയിംസ് കുടിലിൽ



അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യസന്ദേശം നൽകി. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ, യൂണിറ്റ് സെക്രട്ടറി തങ്കച്ചൻ സി.എ. എന്നിവർ ആശംസയർപ്പിച്ചു.

### കുറുമ്പനാടം

**തയ്യൽ പരിശീലന സമാപനവും സർട്ടിഫിക്കറ്റ് വിതരണവും:** മാന്നില യൂണിറ്റിലെ തയ്യൽ പരിശീലനം ഡിസംബർ 2 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി നെരയത്ത് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിശീലനം പൂർത്തി





യാക്കിയ വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ നേതൃത്വം നൽകി.

**തയ്യൽ പരിശീലനം ആരംഭിച്ചു:** കുറുമ്പനാടം യൂണിറ്റിൽ ഡിസംബർ 11 ന് തയ്യൽ പരിശീലനം ആരംഭിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോബി കറുകപ്പറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികളായ ജോമോൻ മാന്തറ, പ്രസാദ് കളരിമുറിയിൽ, മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ എന്നിവർ പ്രസംഗിച്ചു.

### മണിമല




**ബോധവത്കരണ സെമിനാറും-മെഡിക്കൽക്യാമ്പും:** ചാസ്, പുഷ്പഗിരി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വള്ളംചിറ യൂണിറ്റിൽ ഫെബ്രുവരി 29 ന് സൗജന്യ കാൻസർ രോഗ നിർണ്ണയ മെഡിക്കൽ ക്യാമ്പും ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. സ്തനാർബുദത്തെയും, സ്വയംസ്തനപരിശോധനയെക്കുറിച്ചും നടന്ന സെമിനാറിൽ ഡോ. ബെറ്റ്സി എ. ജോസ്, ഡോ. ഡെൻസി ഡേവിഡ് എന്നിവർ ഉൾപ്പെടെ 9 ഡോക്ടർമാർ നേതൃത്വം നൽകി. 42 അംഗങ്ങൾ പങ്കെടുത്തു.

## നെടുംകുന്നം

**തയ്യൽ പരിശീലനം:** നെടുംകുന്നം യൂണിറ്റിൽ ഫെബ്രുവരി 5 മുതൽ രണ്ടുമാസം നീണ്ടു നിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. 15 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**സ്വാശ്രയസംഘവാർഷികം**: വായ്പൂർ ഓൾഡ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ധനശ്രീ' സ്വാശ്രയസംഘത്തിന്റെ ഒന്നാമത് വാർഷികം ഫെബ്രുവരി 17 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോമോൻ വടക്കേപറമ്പിൽ ഉദ്ഘാടനം ചെയ്തു.



**ബോധവത്ക്കരണ സെമിനാർ**: വായ്പൂർ ഓൾഡ് യൂണിറ്റിൽ മാർച്ച് 3-ാം തീയതി കർഷക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോമോൻ വടക്കേപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. പൊങ്ങന്താനം



ഫാർമർ പ്രൊഡ്യൂസർ കമ്പനി ചെയർമാൻ ജോർജ്ജ് തോമസ് തലക്കളം, വൈസ് ചെയർമാൻ ബാബു ജോസഫ് മേലന്നൂർ, ടോമി പി. ജോർജ്ജ് എന്നിവർ സെമിനാർ നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### പുളിംകുന്ന്

**മേഖലാസമിതിയോഗം:** പുളിംകുന്ന് മേഖലാ സമിതിയോഗം നവംബർ 10 ന് സെന്റ് മേരീസ് ഫൊറോന പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ലാലിച്ചൻ മരിയാലയം അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി ഫാ. ഡോ. ടോം പുത്തൻകളം



ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് യൂണിറ്റുതല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. സമ്മേളനത്തിൽ മുൻ മേഖലാ കോർഡിനേറ്റർ ബൈജു സി. സേവ്യറിന് യാത്രയയപ്പ് നൽകി. രാമങ്കരി യൂണിറ്റ് സെക്രട്ടറി ടോമിച്ചൻ ചേന്നാട്ടുശ്ശേരി, പുളിംകുന്ന് യൂണിറ്റ് പ്രസിഡന്റ് ഫ്രാൻസിസ്, മേഖല വൈസ് പ്രസിഡന്റ് ബ്രിന്റാ ചാക്കോ എന്നിവർ പ്രസംഗിച്ചു.

**മേഖലാസമ്മേളനം:** പുളിംകുന്ന് മേഖലാ സമ്മേളനം ജനുവരി 27 ന് കായൽപ്പുറം സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ലാലിച്ചൻ മര്യാലയം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റുതലത്തിൽ റിപ്പോർട്ട് അവതരിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. കോഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമം:** കാവാലം സെന്റ് തെരേസാസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജനുവരി 27 ന് സ്വാശ്രയസംഘസംഗമം സംഘടി

പ്പിച്ചു. 'സ്വാശ്രയസംഘവും-സംരംഭകത്വവും' എന്ന വിഷയത്തിൽ മേഖലാ കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ഊർജ്ജിതം–2024:** പുന്നക്കുന്നത്തുശ്ശേരി യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 12 ന് 'ഊർജ്ജിതം–2024' സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോണി മണിയഞ്ചിറ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലാ കോഡിനേറ്റർ 'സ്വാശ്രയസംഘവും-സാധ്യതകളും' എന്ന വിഷയത്തെക്കുറിച്ച് സംഘങ്ങൾ സന്ദർശിച്ച് ക്ലാസ് നയിച്ചു. യൂണിറ്റ് കമ്മറ്റി അംഗങ്ങളായ സിസ്റ്റർ റോസ് മരിയ SABS, സിസ്റ്റർ ജ്യോതിസ് SABS, മോളി വർഗീസ് എന്നിവർ ആശംസയർപ്പിച്ചു.

**സ്വാശ്രയസംഘസംഗമം:** കാവാലം യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമം മാർച്ച് 7 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ബ്രിന്റാ ചാക്കോ ആദ്ധ്യക്ഷതവഹിച്ചു. 'സ്ത്രീ ശാക്തീകരണം' എന്ന വിഷയത്തിൽ ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി സിജി കുര്യൻ പ്രസംഗിച്ചു.

**ഊർജ്ജിതം–2024:** സ്വാശ്രയസംഘ ശാക്തീകരണത്തിന്റെ ഭാഗമായി മാർച്ച് 23 ന് കാവാലം യൂണിറ്റിലെ 'മരിയ, സെന്റ് ഫ്രാൻസീസ്,



സെന്റ് തെരേസാസ്' എന്നീ സംഘങ്ങൾ സന്ദർശിച്ച് 'ജലദിനാചരണം, സ്വാശ്രയസംരംഭം, നേതൃത്വപാടവം' എന്നീ വിഷയങ്ങളെക്കുറിച്ച് കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ് നയിച്ചു. യൂണിറ്റ് സെക്രട്ടറി ജോർജ്ജ് സെബാസ്റ്റ്യൻ നേതൃത്വം നൽകി.

**വാർഷിക പൊതുയോഗം:** രാമങ്കരി യൂണിറ്റിൽ മാർച്ച് 3 ന് വാർഷിക പൊതുയോഗം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ടോം ആര്യൻകാല അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് സെക്രട്ടറി ടോമിച്ചൻ ചേന്നാട്ടുശ്ശേരി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കോഡിനേറ്റർ ബിനു ജോസഫ് പ്രവർത്തനങ്ങൾ വിശദീകരിച്ചു.



**തൃക്കൊടിത്താനം**

**ജെഎൽജി രൂപീകരിച്ചു:** 2023 ഒക്ടോബർ മാസം മുതൽ ഫാത്തിമാപുരം യൂണിറ്റിൽ 'നിള, സഹൃദയ', കൊടിനാട്ടുംകുന്ന് യൂണിറ്റിൽ 'ഒരുമ, ഐശ്വര്യ' എന്നീ പേരുകളിൽ 4 ജെഎൽജികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**ബാങ്ക് ലോൺ ലഭ്യമാക്കി**: ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന അഞ്ച് ജെഎൽജി കൾക്ക് 2023 നവംബർ മാസം മൂന്ന് ലക്ഷം രൂപവീതം 15 ലക്ഷം രൂപ ബാങ്ക് ഓഫ് ഇന്ത്യ ചങ്ങനാശ്ശേരി ശാഖയിൽ നിന്നും ലോൺ ലഭ്യമാക്കി.

**യൂണിറ്റ് വാർഷികവും അവാർഡ് ദാനവും:** തൃക്കൊടിത്താനം യൂണിറ്റ് വാർഷികം ജനുവരി 14-ാം തീയതി സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് ജിമ്മിച്ചൻ പടുപുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി ഏത്തക്കാട്ട് അനുഗ്രഹ പ്രഭാഷ




ണവും മേഖലാ കോഡിനേറ്റർ സജി ഷാജി ആശംസയുമർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ജയിസ് വേഷ്ണാൽ 2022-23 കാലയളവിലെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. 2022-23 കാലയളവിൽ SSLC, +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കിയ കുട്ടികൾക്ക് കാഷ് അവാർഡ് വിതരണം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ബാങ്ക് ലോൺ ലഭ്യമാക്കി:** ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന അഞ്ച് ജെഎൽജി കൾക്ക് 2024 ജനുവരി മാസം കാർഷിക ആവശ്യങ്ങൾക്കായി ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളിൽ നിന്നും 21 ലക്ഷം രൂപ ലോൺ അനുവദിച്ചു.

**സ്വാശ്രയസംഘം-ജെഎൽജി സംഗമം**: ഫാത്തിമാപുരം യൂണിറ്റിൽ ഫെബ്രുവരി 3 ന് സ്വാശ്രയസംഘ സംഗമവും-ജെഎൽജി സംഗമവും



സംഘടിപ്പിച്ചു. സംഘങ്ങളുടെയും ജെഎൽജികളുടെയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സാമൂഹ്യസേവന വിവരശേഖരണത്തിന്റെ സർവ്വേ എടുക്കുന്നതിന്റെ ഭാഗമായി എസ്.ബി. കോളേജിലെ ബികോം വിദ്യാർത്ഥികൾ മീറ്റിംഗിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**സ്വാശ്രയസംഘസംഗമവും മഹിളാസമാജം തെരഞ്ഞെടുപ്പും**: ഫാത്തിമാപുരം യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ സംഗമവും മഹിളാസമാജം തെരഞ്ഞെടുപ്പും മാർച്ച് 27 ന്



പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സേവ്യർ പുത്തൻകളം ആമുഖസന്ദേശം നൽകി. സ്വാശ്രയസംഘ ശാക്തീകരണം-നേതൃത്വപാടവം എന്നവിഷയത്തിൽ എടത്വാ മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. തുടർന്ന് 2024-25 പ്രവർത്തനവർഷത്തേയ്ക്കുള്ള മഹിളാസമാജം ഭാരവാഹികളെ തെരഞ്ഞെടുത്തു.

### തുരുത്തി

**തയ്യൽ പരിശീലനം ആരംഭിച്ചു**: പൊടിപ്പാറ യൂണിറ്റിൽ ഒക്ടോബർ 22 ന് തയ്യൽ പരിശീലനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികളായ രാജു ജോസഫ്, ജോബ് സേവ്യർ മേഖലാ കോഡിനേറ്റർ



സിജി ബിജുമോൻ എന്നിവർ ആശംസയർപ്പിച്ചു. 17 വനിതകൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**സ്വാശ്രയസംഘ വാർഷികം**: ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ലാവണ്യാ' സ്വാശ്രയസംഘത്തിന്റെ വാർഷികം ജനുവരി 24 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് പി.എസ് തോമസ് ഉദ്ഘാടനവും ചെയ്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ, വർഗീസ് കോട്ടയിൽ എന്നിവർ പ്രസംഗിച്ചു.

കാവാലം സെന്റ് ജോസഫ്സ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ശാലോം' 'ഏയ്ഞ്ചൽ' എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ജനുവരി 29, 31 തീയതികളിൽ നടത്തി. യൂണിറ്റ് സെക്രട്ടറി ലിയോ ജോസഫ് ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ സിജി ബിജുമോൻ ആശംസയർപ്പിച്ചു.

**തയ്യൽ പരിശീലനം സമാപിച്ചു**: പൊടിപ്പാറ യൂണിറ്റിൽ നടത്തിവന്നിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 4 ന് സമാപിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ പരിശീലനം പൂർത്തിയാക്കിയ വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

**വനിതാദിനാചരണം:** പൊടിപ്പാറ യൂണിറ്റിൽ മാർച്ച് 3 ന് വനിതാദിനാചരണം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. പഞ്ചായത്ത് മെമ്പർ ലൂസി



ജോസഫിനെ ചടങ്ങിൽ ആദരിച്ചു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ, ആലീസ് ബേബിച്ചൻ, വൈസ് പ്രസിഡന്റ് റോസമ്മ അലക്സ് എന്നിവർ ആശംസയർപ്പിച്ചു.

**സൗജന്യ മെഡിക്കൽ-രക്തദാന ക്യാമ്പ്:** ചെത്തിപ്പുഴ സെന്റ് തോമസ് ഹോസിപിറ്റലിന്റെ സഹകരണത്തോടെ പൊടിപ്പാറ യൂണിറ്റിൽ മാർച്ച് 17 ന് സൗജന്യ മെഡിക്കൽ-രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷ



തവഹിച്ചു. സെന്റ് തോമസ് ഹോസ്പിറ്റൽ അസി. ഡയറക്ടർ ഫാ. ജോഷി മുപ്പതിൽചിറ ഉദ്ഘാടനം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. ക്യാമ്പിൽ ഫാ. മാത്യു മാളിയേക്കൽ രക്തം ദാനം ചെയ്തു. പള്ളം ബ്ലോക്ക് പ്രസിഡന്റ് ടോമിച്ചൻ ജോസഫ്, കുറിച്ചി പഞ്ചായത്ത് പ്രസിഡന്റ് സുജാത സുശീലൻ, വാർഡ് മെമ്പർമാരായ ബിജു എസ് മേനോൻ, ലൂസി ജോസഫ്, യൂണിറ്റ് ഭാരവാഹികളായ സോജൻ പോൾ, രാജു ജോസഫ് പൗവത്തിൽ എന്നിവർ പ്രസംഗിച്ചു.

❖❖❖


## ചാസ്
## മദ്യം മയക്കുമരുന്ന് ചികിത്സാകേന്ദ്രങ്ങൾ

**ACCEPT IRCA**
Kattanam Vetticode PO
Kayamkulam690 503
Ph. 04792332878
Project Coordinator
**Liju Thomas**
Mob.: 7902733439

**ACCEPT IRCA**
V.S. Lodge
Sindhura Junction
Punnapra South, Alappuzha 688004
Project Coordinator
**Nithin Chandra**
Mob.:9037238533

**Samrudha Child Care Center**
Samrudha Complex, Kurumpanadom Pon-
ganthanam P.O,
Vakathanam, Kottayam
Project Coordinator
**Doney Thomas**
Mob.: 9746091013

## ആശാകിരണം-കാൻസർ സുരക്ഷാ പദ്ധതി

**ബോധവത്കണ സെമിനാറും-മെഡിക്കൽക്യാമ്പും:** വേൾഡ് കാൻസർ ദിനാചരണത്തോടനുബന്ധിച്ച് ചാസ്-പുഷ്പഗിരി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് സൗജന്യ കാൻസർ രോഗനിർണ്ണയ മെഡിക്കൽ ക്യാമ്പും ബോധവത്കണ സെമിനാറും സംഘടിപ്പിച്ചു. സ്തനാർബുദത്തെയും, സ്വയം സ്തന പരിശോധനയെക്കുറിച്ച് നടന്ന സെമിനാറിൽ ഡോ. ബറ്റ്സി എ. ജോസ്, ഡോ. ഡെൻസി ഡേവിഡ് എന്നിവർ ഉൾപ്പെടെ 9 ഡോക്ടർമാർ നേതൃത്വം നൽകി.

**പൂവം:** പ്രേഷിതറാണി ഹെൽത്ത് സെന്ററിൽ ഫെബ്രുവരി 4 ന് സംഘടിപ്പിച്ച ക്യാമ്പിൽ 48 വനിതകൾ പങ്കെടുത്തു.

**പാറേൽ:** യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 8 ന് സെന്റ് മേരീസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ യൂണിറ്റ് ഡയറ



ക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി ഉദ്ഘാടനം നിർവ്വഹിച്ചു. മുനിസിപ്പൽ വൈസ്ചെയർമാൻ മാത്യൂസ് ജോർജ്ജ്, യൂണിറ്റ് ഭാരവാഹികളായ ജോസുകുട്ടി കുട്ടംപേരൂർ, ബാബു വള്ളപ്പുര, തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ പ്രസംഗിച്ചു. 37 വനിതകൾ പരിശോധനയ്ക്ക് വിധേയരായി.



**നെടുംകുന്നം:** യൂണിറ്റിന്റെ നേതൃത്വത്തിൽ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ പാരീഷ് ഹാളിൽ ഫെബ്രുവരി 22 ന് സംഘടിപ്പിച്ച ക്യാമ്പ് ഫൊറോനാ വികാരി റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**ആശാകിരണം-കാൻസർ ബോധവത്ക്കരണം**: വടക്കേ അമിച്ചകരി, പുന്നക്കുന്നം യൂണിറ്റുകളിൽ മാർച്ച് 25 ന് കാൻസർ ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. സ്ത്രീകളിൽ സാധാരണയായി കണ്ടു



വരുന്ന കാൻസർ, രോഗ പ്രതിരോധ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് കുമാരി അഭിരാമി പ്രദീപ്, ആശാകിരണം കോഡിനേറ്റർ ഷീബാമോൾ സന്തോഷ് എന്നിവർ ക്ലാസ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

❖❖❖

# SLCA Kerala

## SLCA-IRCA സന്ദർശനം

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, കോട്ടയം, എറണാകുളം, തൃശൂർ, ജില്ലകളിൽ പ്രവർത്തിക്കുന്ന 8 ഡി–അഡിക്ഷൻ സെന്ററുകളിൽ SLCA- ടീം അംഗങ്ങളായ ഫാ. ജിജു വർഗീസ്, റ്റി.എം. മാത്യു തച്ചിലേട്ട്, കാർമ്മൽ ജോബി മാത്യു എന്നിവർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

| തീയതി | സെന്റർ |
|---|---|
| 26.09.23 | ശ്രീനികേതൻ IRCA-ചാത്തനാട്, കൊല്ലം, ഗാന്ധിഭവൻ IRCA-അടൂർ, പത്തനംതിട്ട |
| 09.10.23 | രാജഗിരി CPLI-കോഴിക്കോട്, ശാന്തി IRCA-കോഴിക്കോട് |
| 10.10.23 | സുരക്ഷ IRCA-കോഴിക്കോട്, പ്രതീക്ഷ IRCA-തലശ്ശേരി, കണ്ണൂർ |
| 19.10.23 | അഡാർട്ട് IRCA-പാല, ട്രാഡ IRCA-മാങ്ങാനം |
| 13.11.23 | ജവഹർ IRCA- തലയോലപ്പറമ്പ്, കോട്ടയം |
| 14.11.23 | യൂണിറ്റി IRCA- പെരുമ്പാവൂർ, MMM IRCA- കോലഞ്ചേരി, എറണാകുളം |
| 16.11.23 | ഡിവൈൻ IRCA-മുരിങ്ങൂർ, സാൻജോസദൻ IRCA-തൃശൂർ |



## ത്രിദിന പരിശീലന പരിപാടി

SLCA- കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ IRCA കളിൽ പ്രവർത്തിക്കുന്ന നേഴ്സുമാർക്കും പിയർ എഡ്യൂകേറ്റർമാർക്കും വാർഡ് ബോയിസിനുമായി ത്രിദിന കപ്പാസിറ്റി

ബിൽഡിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു. 2023 നവംബർ 20,21,22 തീയതികളിൽ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം ഫാ. ജയിംസ് കൊക്കവയലിൽ നിർവ്വഹിച്ചു. പാലാ അഡാർട്ട് IRCA ഡയറക്ടർ എൻ. എം. സെബാസ്റ്റ്യൻ, രാമപുരം BVM ഹോളിക്രോസ് കേളേജ്



അസി. പ്രൊഫസർ ബ്രിസ്റ്റോ മാത്യു, കോഴിക്കോട് ഗവ. നേഴ്സിംഗ് കോളേജ് അസി. പ്രൊഫസർ സലിം റ്റി.കെ., റ്റി. എം. മാത്യു തച്ചിലേട്ട് എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ് നയിച്ചു. SLCA കോഡിനേറ്റർ ഫാ. ജിജു വർഗീസ് സമാപനസന്ദേശം നൽകി. കാർമ്മൽ ജോബി മാത്യു, ട്രീസാ മാത്യു എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ വകുപ്പ് മന്ത്രാലയത്തിന്റെ കീഴിൽ കേരളത്തിൽ കുട്ടികളുടെ ലഹരി വിമുക്ത പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കുന്ന Outreach and Drop-in Centre (ODIC) & Community Based Peer -Led Intervention (CPLI) സെന്ററുകളിൽ സേവനം ചെയ്യുന്ന സ്റ്റാഫ് അംഗങ്ങൾക്കായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. SLCA കേരള കോൺഫറൻസ് ഹാളിൽ ജനുവരി 3,4 തീയതികളിൽ സംഘടിപ്പിച്ച പരിപാടിയിൽ 25 സ്റ്റാഫ് അംഗങ്ങൾ പങ്കെടുത്തു. SLCA കോഡിനേറ്റർ ഫാ. ജിജു വർഗീസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. മരിയ ആനി പോൾ, റ്റി. എം. മാത്യു തച്ചിലേട്ട്, മാർട്ടിൻ ആന്റണി, കാർമ്മൽ ജോബി മാത്യു, ട്രീസ മാത്യു എന്നിവർ ക്ലാസുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന SLCA സ്റ്റാഫ് അംഗങ്ങൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ ഡിഫൻസ് ഡൽഹി ട്രെയിനിംഗ് സെന്ററിൽ വെച്ച് മാർച്ച് 14 മുതൽ 16 വരെ സംഘടിപ്പിച്ച ത്രിദിന പരിശീലന പരിപാടിയിൽ SLCA കേരളയെ പ്രതിനിധീകരിച്ച് റ്റി.എം. മാത്യു തച്ചിലേട്ട്, കാർമ്മൽ ജോബി മാത്യു എന്നിവർ പങ്കെടുത്തു.

**കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം**

SLCA- കേരളയുടെ ആഭിമുഖ്യത്തിൽ നവംബർ 27 മുതൽ ഡിസംബർ 1 വരെ തീയതികളിൽ വിവിധ IRCA-കളിൽ സേവനം ചെയ്യുന്ന കൗൺസിലേഴ്സിന് മദ്യം മയക്കുമരുന്ന് ചികിത്സാ രംഗത്ത്



പ്രാവീണ്യം നൽകുന്നതിനായി അഞ്ച് ദിവസം നീണ്ടുനിന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. അഡാർട്ട് ഡയറക്ടർ എൻ.എം. സെബാസ്റ്റ്യൻ, മാർക്ക് ആന്റ് ഫിൽ അസോസിയേറ്റ് ഡയറക്ടർ ജോസഫ് ആന്റണി, നിംഹാൻസ് ബാംഗളൂർ അസോസിയേറ്റ് ഡയറക്ടർ ഡോ. സോജൻ ആന്റണി, ഫ്രാൻസിസ് മൂത്തേടൻ, ഡോ. ഷാഹൂൽ അമീൻ, സിജി ആന്റണി ട്രാഡാ, റ്റി.എം. മാത്യു എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ് നയിച്ചു. സമാപനസന്ദേശവും സർട്ടിഫിക്കറ്റ് വിതരണവും SLCA- കോഡിനേറ്റർ ഫാ. ജിജു വർഗീസ് നിർവ്വഹിച്ചു. ഫീൽഡ് ഓഫീസർമാരായ കാർമ്മൽ ജോബി മാത്യു, ട്രീസാ മാത്യു എന്നിവർ നേതൃത്യം നൽകി.

❖❖❖

## വളർത്തുകൂട്ടം പദ്ധതി

**(a) മുട്ടക്കോഴിയും കൂടും**

| | |
|---|---|
| * 24 കോഴിയും കൂടും –Bv380 *(മേൽക്കൂരയോടുകൂടിയത്)* | Rs. 17,500/- |
| * 24 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 15,500/- |
| * 12 കോഴിയും കൂടും *(മേൽക്കൂരയുള്ളത്)* | Rs. 12,500/- |
| * 12 കോഴിയും കൂടും *(മേൽക്കൂരയില്ലാതെ)* | Rs. 11,000/- |
| * നാടൻ കോഴിക്കുള്ള കൂട് *(25 കുഞ്ഞുങ്ങൾക്കുള്ളത്)* | Rs. 15,000/- |

**(b) കോഴിക്കുഞ്ഞുങ്ങൾ**

| | |
|---|---|
| Bv380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് *(50 ദിവസം)* | Rs. 260/- |
| നാടൻ കോഴിക്കുഞ്ഞുങ്ങൾ *(50 ദിവസം)* | Rs. 160/- |

**(c) തെങ്ങിൻ തൈകൾ**

| *ഇനം* | *തുക* |
|---|---|
| 1. ഗംഗാബോണ്ടം | Rs. 300/- |
| 2. DxT | Rs. 300/- |
| 3. കേരശ്രീ | Rs. 300/- |
| 4. ഗൗളിഗാത്രം | Rs. 180/- |
| 5. മലയൻഡ്വാർഫ് | Rs. 180/- |
| 6. കുറ്റിയാടി | Rs. 160/- |

**ബന്ധപ്പെടേണ്ട നമ്പർ: 8138088730**

## ആരോഗ്യ ഇൻഷുറൻസ്

സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്നതിലധികമായി ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരു വർഷം 30,000 രൂപ വരെ ചികിത്സാ സഹായം കുടുംബങ്ങൾക്ക് ലഭ്യമാക്കുന്ന മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാകുവാൻ ചാസ് അവസരമൊരുക്കുന്നു.

| *അംഗത്വം* | *പ്രീമിയം* |
|---|---|
| അഞ്ച് അംഗകുടുബത്തിന് | 900/– രൂപ |
| കൂട്ടുകുടുംബം | 1100/– രൂപ |
| വ്യക്തിഗതം | 600/– രൂപ |

**അന്വേഷണങ്ങൾക്ക് ഫോൺ: 9539701126**

# ചാസ് അന്താരാഷ്ട്ര വനിതാദിനാചരണം
# 'ഇവ 2K24'





# ചാസ് നഴ്സറി

അത്യുൽപ്പാദന ശേഷിയുള്ള
ഫലവൃക്ഷത്തൈകൾ, പച്ചക്കറി തൈകൾ,
അലങ്കരച്ചെടികൾ, മറ്റ് കാർഷിക ഉൽപ്പന്നങ്ങൾ
മിതമായ നിരക്കിൽ മൊത്തമായും ചില്ലറയായും
ചാസിൽ നിന്നും ലഭിക്കും.

ഫോൺ: 8138088730





# വനിതകൾക്ക് തൊഴിൽ അവസരം

## ഗൃഹലക്ഷ്മി

* രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ
ശുശ്രൂഷിക്കുന്നതിന് RS – 23,000/–

## ഗൃഹശ്രീ

* പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുന്നതിന്
RS – 16,000/–

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: **8547322817**

# CHASS
## PROUDLY PRESENTS

**LIVE FREE COTTON SANITARY PAD**
*Soft • Safe • Secure • Seemly*

Live Free Cotton Sanitary Pad, a unique product initiated by "Ashakiranam Desk" of CHASS providing hygienic reusable cotton sanitary pad as an alternative for the plastic coated sanitary pads available in the market. Hygienic, reusable, non-allergic and natural at less cost.

*Live Free - Live Long -*
*Live with Live Free Cotton Sanitary Pad*



**Live Free Cotton Sanitary Pad available at CHASS.**

Contact:
9446857636, 9539701126
E-mail: chass1966@gmail.com
www.chasschry.org